# ബഥേൽപത്രിക

വാല്യം 7 മെയ് 1994 ലക്കം 4

Trust in the Lord with all thine heart.






ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

1994 മെയ്

**രക്ഷാധികാരി**

**നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**



**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സിമതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു (ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം
—മെത്രാപ്പോലീത്താ

മതങ്ങളുടെ ദുരുപയോഗം
—ഷാജൻ വർഗീസ്

തഴച്ചിരിക്കുന്ന ഒലിവു വൃക്ഷങ്ങൾ
—പി. സി. ചെറിയാൻ

എന്തുകൊണ്ട് കിഴക്കോട്ട് അഭിമുഖമായി നിന്നു പ്രാർത്ഥിക്കണം
—സി. ഡി. തോമസ്

യഹോവയെ കാത്തിരിക്കുന്നവർ
—സി. എം. തങ്കച്ചൻ

പാപ പരിഹാരബലിയും അസസേലും
—ററി. സി. ജോൺ

അസൂയ (കവിത)
—കുര്യൻ ചെറുകാലേത്ത് മിത്രം

—പി. എം. ചാക്കോ

ബൈബിൾ ക്വിസ്

ലക്ഷ്യബോധം (കവിത)
—ഫാ. ററി. എം. അലക്സന്ത്രയോസ്

പൊട്ടൻ (കഥ) —ആലാ

മാതൃകാ സൺഡേസ്കൂൾ
—സി. ഇ. കുരുവിള

ഭദ്രാസന വാർത്തകൾ

ബാലപത്രിക :—
—ആനിച്ചേച്ചി


## ഇടയലേഖനം

വാത്സല്യ മക്കളെ,

ഈ മാസം 22-ാം തീയതി പെന്തിക്കോസ്തി ഞായറാഴ്ച ആണല്ലോ. വളരെ വർഷങ്ങളായി നമ്മുടെ സഭ പ്രസ്തുത ഞായറാഴ്ച സണ്ടേസ്കൂൾ ദിനമായി ആചരിച്ചു വരികയാണ്. സഭയ്ക്ക് ജീവശ്വാസം പോലെ അത്യന്താപേക്ഷിതമായ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ആവശ്യകതയെപ്പററി നമ്മുടെ സഭാംഗങ്ങൾ വേണ്ട വിധത്തിൽ ബോധവാന്മാരാണോ എന്ന കാര്യം സംശയാസ്പദമാണ്. നമ്മുടെ സഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ആവശ്യകതകൾ പ്രസ്ഥാനത്തിന്റെ ചരിത്രം, പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ, ഭാവി ഇവയെപ്പററിയെല്ലാം ഒരു വിഹഗ വീക്ഷണം നടത്തുവാനാണ് ഇത്തരുണത്തിൽ നാം ശ്രമിക്കുന്നത്.

മാനവരാശി ഇന്ന് ദൈവത്തിൽ നിന്നും ഏതാണ്ട് പൂർണ്ണമായി അകന്നിരിക്കുകയാണ്. ഭൗതിക സാഹചര്യങ്ങളിൽ ആമഗ്നരായി സർവ്വശക്തനെയും സഭയേയും മറന്ന് ഏതാണ്ടൊരു പൈശാചികാവസ്ഥയിലാണിന്ന്. ഭൗതിക പുരോഗതി വേണ്ടതിലേറെ നേടിയിട്ടും മനുഷ്യനിന്ന് നിരാശയിലും ദുഃഖത്തിലും കഴിയുകയാണ്. ദൈവത്തെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള പരിജ്ഞാനം ചെറുപ്പം മുതൽ തന്നെ ക്രമമായി നൽകിയാൽ അവർ ഒരിക്കലും നഷ്ടപ്പെടുകയില്ല. ഇന്നത്തെ ബാല സമൂഹം രാഷ്ട്രീയം, വർഗീയം, വിഭാഗീയത ആദിയായവയുടെ അതിപ്രസരത്താൽ വിഷലിപ്തമായ അന്തരീക്ഷത്തിലാണ് കഴിയുന്നത്. സന്മാർഗ്ഗ പാഠങ്ങളുടെ പഠനം വിദ്യാലയങ്ങളിലിന്ന് പാടെ നിലച്ചമട്ടാണ്. സണ്ടേസ്കൂൾ പഠനമാണ് ഇതിനുള്ള ഏക പോംവഴി. നമ്മുടെ സഭാംഗങ്ങൾക്ക് നമ്മുടെ സഭയുടെ വിശ്വാസാചാരങ്ങളെപ്പററി വേണ്ടത്ര അറിവ് ഇല്ല എന്നത് ഒരു നഗ്ന സത്യമാണ്. തന്മൂലം വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്ന രീതിയിൽ വേദപുസ്തകവുമായി ഭവനത്തിൽ വരുന്ന ഏതൊരു വ്യക്തിക്കും "ചുവപ്പു പരവതാനി"യിലുള്ള സ്വീകരണമാണ് നമ്മുടെ സഭാംഗങ്ങൾ നൽകുന്നത്. കാലക്രമേണ സഭാംഗങ്ങൾ നമ്മുടെ സഭയെ ഉപേക്ഷിച്ച് ഇതര നവീകരണ സഭകളെ ആശ്ലേഷിക്കുന്നു. ചെറുപ്പകാലം മുതൽ കുട്ടികൾക്ക് വേദപുസ്തക പഠനത്തിനുള്ള ഏർപ്പാടുകൾ ചെയ്താൽ അതു വളരെ നന്നായിരിക്കും. അസന്മാർഗ്ഗികമായ ഒരന്തരീക്ഷത്തിൽ വളരുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതത്തിലെ ഒരു വഴിത്തിരിവിന്റെ കാലഘട്ടമാണ്. ഈ അവസരത്തിൽ അവർ ദുഷിച്ച വഴികളിലേക്ക് തിരിയാതെ നോക്കേണ്ടത് മുതിർന്നവരുടെ കടമയാണ്. മദ്യവും മയക്കുമരുന്നും ഇന്ന് യുവതലമുറയിൽ വമ്പിച്ച സ്വാധീനം ചെലുത്തുന്നു.

ഇതിനെല്ലാം സണ്ടേസ്കൂൾ പഠനമല്ലാതെ മററു മാർഗ്ഗങ്ങളൊന്നും ഇല്ല. തന്മൂലം സണ്ടേസ്കൂൾ പ്രസ്ഥാനത്തെ ആളും അർത്ഥവും നൽകി പോററിപ്പുലർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇനി സണ്ടേ സ്കൂളിന്റെ ചരിത്രത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം. വലിയ മാർ ദീവന്നാസിയോസ് എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന ആറാം മാരത്തോമ്മായുടെ ഭരണകാലത്ത് അഥവാ 1765 മുതൽ 1808 വരെയുള്ള കാലഘട്ടത്തിൽ കുട്ടികളെ നമസ്കാരങ്ങളും കൂദാശ ക്രമങ്ങളും പഠിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയ ക്രിസ്തീയ മതബോധന സമ്പ്രദായമാണ് പിൽക്കാലത്ത് സണ്ടേ സ്കൂളായി രൂപാന്തരം പ്രാപിച്ചത്. ഇത് ഞായറാഴ്ചകളിലെ വി. ആരാധനകൾക്ക് ശേഷമാണ് നടത്തപ്പെട്ടിരുന്നത്. 1809 ൽ കണ്ടനാട് പള്ളിയിൽ ചേർന്ന പ്രതിപുരുഷയോഗം കുട്ടികളെ നമസ്കാരങ്ങളും കൂദാശക്രമങ്ങളും പഠിപ്പിക്കണം എന്ന് ഔദ്യോഗികമായി തീരുമാനിച്ചു. ആദ്യ കാലത്ത് ഇടവക തോറും മതബോധനവും തദ്വാരാ വിശ്വാസ സ്ഥിരതയും വളർത്തുന്നതിനുപയുക്തമായ വിധം പുസ്തകങ്ങളോ അദ്ധ്യാപകരോ അന്ന് ഉണ്ടായിരുന്നില്ല. എന്നാൽ നമസ്കാരങ്ങളും കൂദാശകളും പഠിപ്പിക്കുന്നതിനോടൊപ്പം വേദപുസ്തക പഠനവും അന്നു നടന്നിരുന്നു.

പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനി പ്രസ്ഥാനം പ്രസിഡന്റും ദാവീദ് കോറെപ്പിസ്കോപ്പാ, കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പാ എന്നിവർ ഡയറക്ടർ ജനറലുമായിരുന്ന കാലത്തെ, സണ്ടേ സ്കൂൾ ചരിത്രത്തിലെ സുവർണ്ണകാലമായി കണക്കാക്കാം. ഈയടുത്ത കാലത്ത് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ സി. വി. ജോർജ് കോറെപ്പിസ്കോപ്പാ ഡയറക്ടർ ജനറലായിരുന്ന ദീർഘകാലം പുരോഗതിയുടെ കാലഘട്ടമായിരുന്നു. സമൂഹം പരിഷ്കരിച്ച സിലബസ് അടുക്കും ചിട്ടയുമുള്ള ഭരണവ്യവസ്ഥ, കാര്യശേഷിയുള്ള ഭരണ കർത്താക്കൾ, കർമ്മശേഷിയും ത്യാഗമനോഭാവവുമുള്ള അദ്ധ്യാപകർ, സർവ്വോപരി ജഗദീശ്വരന്റെ കൃപാകടാക്ഷം എന്നീ കാരണങ്ങളാൽ സണ്ടേസ്കൂൾ പ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചു.

സഭാ മക്കൾ പൊതുവെയും സണ്ടേസ്കൂൾ പ്രസ്ഥാനം പ്രവർത്തകരും വൈദികരും പ്രത്യേകിച്ചും 21-ാം നൂററാണ്ടിലെ സണ്ടേസ്കൂൾ പ്രസ്ഥാനം എങ്ങനെയിരിക്കണം എന്ന് ചിന്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സണ്ടേ സ്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ച സഭയുടെ വളർച്ചയാണെന്നും തളർച്ച സഭയുടെ തളർച്ചയാണെന്നും നാം മനസിലാക്കണം. കേന്ദ്ര ഭദ്രാസന ഡിസ്ട്രിക്ററ് തലങ്ങളിൽ ഔദ്യോഗിക ഭാരവാഹികളും പ്രവർത്തനങ്ങളും ഉണ്ടായാൽ മാത്രം പോരാ ഇടവക തലത്തിൽ സണ്ടേ സ്കൂളുകളുടെ പോരായ്മകൾ നികത്തുവാൻ നാം ജാഗരൂകരാകണം. ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികളുടെ മതാ



ഭ്യസനത്തിൽ നിന്നുമുള്ള അകൽച്ച, സേവന സന്നദ്ധതയുള്ള അദ്ധ്യാപകരുടെ കുറവ്, സാമ്പത്തിക പരാധീനത ഇവക്കൊക്കെ നാം പരിഹരിച്ചേ മതിയാകൂ.

ഇനി നമുക്ക് ഭാവിയിലേക്കൊന്നു കണ്ണോടിക്കാം. കാലാനുസൃതമായി സണ്ടേ സ്കൂളിന്റെ പ്രവർത്തന പരിപാടികളിൽ മാററങ്ങൾ വരുത്തുകയും പുതിയ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തുകയും വേണം. നമ്മുടെ സഭാംഗങ്ങളിൽ അനേകം പേർ അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും സ്ഥിര താമസമാക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലുള്ള കുട്ടികൾക്ക് വേണ്ടി ഇന്ത്യയിലെ പ്രധാന ഭാഷകളിൽ പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മതനിരപേക്ഷ വിദ്യാലയങ്ങളിൽ അദ്ധ്യാപകരാകുവാൻ ടി. ടി. സി, ബി. എഡ്. എന്നീ യോഗ്യതകൾ വേണമെന്ന് നിഷ്കർഷിക്കുന്നതുപോലെ തന്നെ സണ്ടേ സ്കൂൾ അദ്ധ്യാപകർക്കും മിനിമം യോഗ്യത എന്തെന്ന് നിശ്ചയിക്കണം. അദ്ധ്യാപക സഹായികൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണം. അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകളും ശില്പ ശാലകളും മുറയ്ക്ക് നടത്തണം. സണ്ടേ സ്കൂളുകളെ കഴിയുന്നിടത്തോളം സ്വയം പര്യാപ്തതയിലെത്തിക്കണം. സ്കൂളുകളിലെ റിക്കാർഡുകൾ കുററമററതാക്കണം. മററു സ്കൂളുകൾ എന്നതുപോലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതി സണ്ടേ സ്കൂളുകളിലും രൂപീകരിച്ചാൽ അതുകൊണ്ടുണ്ടാകുന്ന ഗുണം വാചാമഗോചരമായിരിക്കും. ഇടവകതലങ്ങളിൽ സണ്ടേ സ്കൂളുകളെ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മേല്പറഞ്ഞ കാര്യങ്ങളിൽ അഭിനവ ഡയറക്ടർ ജനറൽ ബ: ററി. ജെ. ജോഷ്വാ അച്ചൻ ശ്രദ്ധ ചെലുത്തുമെന്ന് വിശ്വസിക്കുന്നു.

ഒ. വി. ബി. എസ്. കുട്ടികൾക്കിന്ന് ഒരു ഹരമായിത്തീർന്നിരിക്കുകയാണ്. ഇത് ബാല സമൂഹത്തിന് വളരെയേറെ നന്മ ചെയ്യുന്നു എന്ന കാര്യത്തിൽ സംശയമില്ല. പരപ്രേരണ കൂടാതെ കുട്ടികൾ അഹമഹമികയാ ഒ. വി. ബി. എസിന് വരുന്നു. വളരെ ഉദാരമായി ഇടവക ജനങ്ങൾ സംഭാവന ചെയ്യുന്നു. ഓരോ വർഷവും നൂറുകണക്കിന് യൂണിററുകൾ പുതുതായി രജിസ്ററർ ചെയ്യപ്പെടുന്നു. സഹോദരീ സഭകളിൽ നിന്നും മാത്രമല്ല അന്യമതാനുയായികൾ പോലും അവരുടെ കുട്ടികളെ സസന്തോഷം ഒ. വി. ബി. എസിന് അയയ്ക്കുന്നു. അത്യുത്സാഹപൂർവ്വം പത്തോ പന്ത്രണ്ടോ ദിവസങ്ങൾ കുട്ടികളും നാട്ടുകാരും കഴിച്ചുകൂട്ടുന്നു. ഇത്തരുണത്തിൽ ചില കാര്യങ്ങൾ ചിന്തിച്ചുപോകുന്നു. ഒ. വി. ബി. എസിന് വരുന്ന കുട്ടികളെല്ലാം പിറേറ ആഴ്ച മുതൽ സണ്ടേ സ്കൂളിൽ വരുന്നുണ്ടോ? അദ്ധ്യാപകർ വരുന്നുണ്ടോ? ഇല്ല എന്നാണ് ഉത്തരം. ഇതു ശരിയല്ല.

# മതങ്ങളുടെ ദുരുപയോഗം

ഷാജൻ വർഗീസ് ഷിബിവില്ലാ ഇടനാട്

മതങ്ങൾ മനുഷ്യൻ സൃഷ്ടിച്ചു. ദൈവത്തെ ആരാധിക്കുവാൻ വേണ്ടിയാണ് മതങ്ങളെ സൃഷ്ടിച്ചത്. ആ മതങ്ങളെ തന്നെ അവൻ ദുരുപയോഗം ചെയ്യുന്നു അതാണ് ഇന്നു നാം ദർശിക്കുന്നത് അതിനാൽ ''മതങ്ങളുടെ ദുരുപയോഗം'' എന്ന വിഷയത്തിന് ഇന്ന് വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

മതങ്ങളുടെ പേരിൽ മനുഷ്യൻ പരസ്പരം തല്ലി മരിക്കുന്നു. ഈ മരണം മതത്തിനുവേണ്ടിയോ അതോ സ്വാർത്ഥ താല്പര്യത്തിനു വേണ്ടിയോ നാം ചിന്തിക്കണം. എല്ലാ മതങ്ങളേയും ഒരേപോലെ കണ്ടിരുന്ന മനുഷ്യൻ ഇന്ന് സ്വന്ത മതങ്ങൾക്കുവേണ്ടി പോരാടുന്നു. എവിടെ ആർക്കാണ് തെറ്റ് സംഭവിച്ചത്.

സ്ഥാന മോഹികളായ മനുഷ്യൻ സ്ഥാനമാനത്തിനു വേണ്ടി മതങ്ങളെയും മനുഷ്യൻ ദുരുപയോഗം ചെയ്യുന്നു. രാഷ്ട്രീയത്തിൽ മതമില്ല വർഗ്ഗീയതയില്ല എന്നു വാചക കസർത്തു നടത്തുന്ന ആ മനുഷ്യൻ തന്നെ സ്വന്ത നിലനിൽപ്പിനു വേണ്ടി രാഷ്ട്രീയത്തിലേക്ക് മതത്തേയും മറ്റും വലിച്ചിഴക്കുന്നതാണ് നാം ഇന്നു കണ്ടു കൊണ്ടിരിക്കുന്നത്.

മതത്തിന്റെ പേരു പറഞ്ഞ് പിരിവുകൾ നടത്തി സ്വന്തം അഭിലാഷങ്ങൾ സാധിക്കുന്ന മനുഷ്യൻ മറ്റുള്ളവരിൽ നിന്നും മതത്തിന്റെ പേരിൽ പിരിവുകൾ നടത്തുന്നു. സ്വാർത്ഥ താല്പര്യത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത മനുഷ്യൻ ഇതിനൊക്കെ ഒരു മാറ്റം വരേണ്ടേ ചെറിയ ഇരയെ ഇട്ട് വലിയ വലിയ മത്സ്യം പിടിക്കാൻ നടക്കുന്ന മനുഷ്യനും സമൂഹവും അതിനുവേണ്ടി മതത്തെ ഉപയോഗിക്കുന്നു അങ്ങനെ മതങ്ങളെ നശിപ്പിക്കുന്നു മതത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തുകയാണ് ഇങ്ങനെയുള്ളവർ ചെ

(ശേഷം 27-ാം പേജിൽ)

---

21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന ആധുനിക ലോകത്തിന് ആത്മീയ ഉണർവ്വ് പകരുവാൻ സണ്ടേ സ്കൂൾ പ്രസ്ഥാനത്തിന് കഴിയണം. സഭയിലെ എല്ലാ നിലയിലുമുള്ളവരും ഒത്തൊരുമിച്ച് പണിപ്പെട്ടാൽ ലക്ഷ്യം നേടുവാൻ നിഷ്പ്രയാസം സാധിക്കും. ഈ വർഷത്തെ സണ്ടേ സ്കൂൾ ദിനാചരണം 21-ാം നൂറ്റാണ്ടിലെ സണ്ടേ സ്കൂൾ പ്രസ്ഥാനത്തെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഉറച്ച തീരുമാനം എടുക്കുവാനും ഇടയാകട്ടെ.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ
കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ



# തഴച്ചിരിക്കുന്ന ഒലിവു വൃക്ഷങ്ങൾ

പി. സി. ചെറിയാൻ ആശാരിയത്ത്

''ഞാനോ ദൈവത്തിന്റെ ആലയത്തിൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെ ആകുന്നു.'' സങ്കീർത്തനങ്ങൾ 52:8

ഒലിവു വൃക്ഷം ജീവന്റെ വൃക്ഷം ആകുന്നു. യഹൂദനാകട്ടെ, കർത്താവ് കർത്താവിനു വേണ്ടി വിളിച്ചു വേർതിരിക്കപ്പെട്ടവനാകുന്നു. കർത്താവിന്റെ തോട്ടത്തിൽ നല്ല വേലചെയ്തു ''മുന്തിരി വള്ളി പൂത്ത് സുഗന്ധം വീശുന്നു'' ആ നല്ല അനുഭവം മൂലം ദൈവരാജ്യം കൂടുതൽ വിസ്തീർണ്ണമാകുവാൻ വേണ്ടി യഹൂദസഭയെ കർത്താവ് തെരഞ്ഞെടുത്തു.

ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസ്വരൂപം നശിപ്പിച്ചപ്പോൾ ദൈവനീതി കാൽവറിയിൽ കൂടി നിറവേറി. കാട്ടൊലിവായിരുന്ന നമ്മളെ നല്ല ഒലിവു മരത്തോട് ഒട്ടിച്ചു ചേർത്ത് നല്ല ഒലിവു വൃക്ഷം ആക്കിത്തീർത്തു. (റോമർ 11:17-24)

ഒലിവു വൃക്ഷങ്ങൾ വളരുന്ന മലയ്ക്ക് ഒലിവുമല എന്നു വിളിക്കപ്പെടുന്നു. പഴയ നിയമ സഭയെ ഒലിവുമരത്തോട് സാമ്യപ്പെടുത്തിയതുപോലെ പുതിയ നിയമ സഭയെ ഒലിവുമരത്തോടും ഒലിവുമലയോടും സാമ്യപ്പെടുത്താം. ഒലിവുമല പ്രാർത്ഥിക്കുന്ന മല ആയിരുന്നു. (അ.പ്രവൃത്തികൾ 1:12-14, യോഹന്നാൻ 8:1) യേശുവും ശിഷ്യന്മാരും പ്രാർത്ഥിക്കുവാൻ വേണ്ടി ഒലിവുമലയിൽ പോയി. പ. സഭയിൽകൂടി നാം ആരാധിക്കണം. അതിനു വേണ്ടിയാകുന്നു ആത്മീയ സംഘടനകൾ ക്രമീകരിച്ചിരിക്കുന്നത്.

ഒലിവുമല പഠിപ്പിക്കുന്ന മലയാകുന്നു. (മത്തായി 24:3) കർത്താവ് 'ശിഷ്യന്മാരെ യെരുശലേമിന്റെ നാശത്തെക്കുറിച്ചും രണ്ടാമത്തെ വരവിനെക്കുറിച്ചും പഠിപ്പിച്ചത് ഒലിവുമലയിൽ വച്ചായിരുന്നു.

പരിശുദ്ധ സഭയിൽ കൂടി നാം പഠിക്കണം. അതിനായി പ. സഭ എല്ലാവർക്കും ദൈവവചനം പഠിക്കുവാൻ തക്കതിൻ വണ്ണം ക്രമീകരണങ്ങൾ (ആത്മീയ സംഘടനകൾ) ചെയ്തിട്ടുണ്ട്.

കർത്താവ് വർത്തമാന കാലവും ഭൂതകാലവും കോർത്തിണക്കി പ്രാർത്ഥിച്ച് തേജസ്കരിക്കപ്പെടുവാൻ മല ഉപയോഗിച്ചു. (ലൂക്കോസ് 9:28-35) ശിഷ്യന്മാരും വാങ്ങിപ്പോയ പരിശുദ്ധന്മാരും സമ്മേളിക്കുന്ന രംഗമായി മാറി ഒലിവുമല. പ. സഭയിൽ വാങ്ങിപ്പോയ പരിശുദ്ധന്മാരുടെ സാന്നിദ്ധ്യം എന്നും ഉണ്ട്. ഒലിവുമലയാകുന്ന പ. സഭയിൽ കൂടി നാം തേജസ്കരിക്കപ്പെടണം. അതിനു വേണ്ടികൂടിയാകുന്നു ആത്മീയ സംഘടനകൾ

ഒലിവുമല പ്രത്യാശയുടെ മല ആകുന്നു. (ലൂക്കോസ് 24:50-51) നമ്മുടെ കർത്താവ് സ്വർഗ്ഗാ

രോഹണം ചെയ്തത് ഒലിവു മലയിൽ വച്ച് ആയിരുന്നു. കർത്താവു വീണ്ടും ഒലിവുമലയിൽ പ്രത്യക്ഷപ്പെട്ടു.

ആരാധിക്കുവാനും പഠിക്കുവാനും തേജസ്കരിക്കപ്പെടുവാനും പ്രത്യാശയോടുകൂടി ജീവിക്കുവാനും പ. സഭയെ നാം പ്രയോജനപ്പെടുത്തുമ്പോൾ നാം നല്ല ഒലിവു വൃക്ഷം ആയിത്തീരുന്നു.

നാം നല്ല ഒലിവു വൃക്ഷം ആയി രൂപാന്തരപ്പെടുമ്പോൾ (സങ്കീർത്തനങ്ങൾ 5:7) കൃപയുടെ ബഹുത്വത്താൽ ഭക്തിയോടെ ആരാധിക്കും. പ. സഭയിൽ കൂടി ദൈവകൃപയുടെ ബഹുത്വത്താൽ ആരാധിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. അവർ നിത്യം ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. (സങ്കീർത്തനങ്ങൾ 84:4).

പ. സഭയിൽക്കൂടി ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന സമൂഹം ഭക്ഷിച്ച് ആരാധിക്കുന്നു. (സങ്കീർത്തനങ്ങൾ 22:29) ആരാധനയുടെയും സ്തുതിപ്പിന്റെയും പ്രധാന ഘടകം വി. കുർബ്ബാനാനുഭവമാകുന്നു. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. (യോഹന്നാൻ 6:54)

ആരാധനയിൽക്കൂടി സായൂജ്യം അനുഭവിക്കുന്ന ജനം ആനന്ദനദി കുടിക്കുന്നു. (സങ്കീ. 36:8) എന്നു വച്ചാൽ "പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് നിയന്ത്രിക്കപ്പെട്ട് ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കും." വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. (സങ്കീ. 92;14)

ഒരിക്കൽ കാട്ടൊലിവായിരുന്ന നാം ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിന് പങ്കാളി ആയിത്തീരുമ്പോൾ ദൈവ തിരുനാമം മഹത്വപ്പെടുന്നു.

ഒലിവിൽ നിന്നും ലഭിക്കുന്ന എണ്ണ ശരീരത്തിന് മാർദ്ദവം വർദ്ധിപ്പിക്കുന്നു. ഒലിവെണ്ണ പഴയനിയമത്തിലെ സമാഗമന കൂടാരത്തിൽ നിലവിളക്കു കത്തിക്കുവാൻ ഉപകരിക്കുന്നു. (ലേവ്യ. 24:3-4) ആരാധിക്കുന്ന ഒരു വിശ്വാസി സമൂഹത്തിന് മാർദ്ദവം കൊടുക്കുന്നവനും യഹോവയുടെ സന്നിധിയിലെ ദീപങ്ങളായും മാറണം.

ഒലിവുമരത്തിന്റെ തടി ദൈവാലയത്തിന്റെ കട്ടിളയ്ക്കും കതകിനും പഴയ നിയമ സഭയിൽ ഉപയോഗിച്ചിരുന്നു.

(1 രാജാ. 6:31-33)

ആരാധിക്കുന്ന ഒരു സഭ പുതിയ നിയമ സഭയിൽ മറ്റുള്ളവരെ പ്രവേശിപ്പിക്കുന്ന ഒരു വാതിലും സഭയുടെ കെട്ടുപണിക്കുള്ള ഉപകരണവുമായി മാറണം. പ. സഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സുവിശേഷ പ്രവർത്തനങ്ങളോട് സഹകരിച്ചു പ്രവർത്തിക്കേണ്ടത് ഓരോ സഭാംഗത്തിന്റെയും ചുമതലയാകുന്നു.

നോഹ, ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്ന് അറിയേണ്ടതിന് ഒരു പ്രാവിനെ പെട്ടകത്തിൽ നിന്നും പുറത്തുവിട്ടുവല്ലൊ. പ്രാവ് വൈകുന്നേരത്ത് നോഹയുടെ അടുക്കൽ ഒലിവുമരത്തിന്റെ ഇല വായിൽ കടിച്ചു പിടിച്ചുകൊണ്ട് വന്നുവല്ലൊ. (ഉല്പത്തി. 8:10–11) ഒലിവു മരത്തിന്റെ ഇല നോഹയ്ക്കും നോഹയുടെ കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നവർക്കും ആശ്വാസത്തിന്റെയും പ്രത്യാശയുടെയും ചിഹ്നമായി മാറി. അപ്രകാരം ഒരു സഭാംഗം സ്വന്ത ഭവനത്തിലും സമൂഹത്തിലും, ഇടവകയിലും ആശ്വാസവും പ്രത്യാശയും നൽകുന്നവൻ ആയിരിക്കണം.

ഓരോ സഭാംഗവും ദൈവത്തിന്റെ ആലയമാകുന്നു. പ. സഭയിൽകൂടി ആരാധിച്ച്, പുഷ്ടി പ്രാപിച്ച്, പച്ചപിടിച്ച് ഫലം കായിച്ച് നല്ല പ്രവൃത്തികളാൽ സ്വർഗസ്ഥനായ പിതാവിനെ മഹിമപ്പെടുത്തി മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിച്ചും പ. സഭയുടെ കെട്ടുപണിക്ക് പ്രയോജനപ്പെട്ടു. തൊഴുത്തിൽ ഉൾപ്പെടാത്ത ആടുകളെക്കൂടി പ. സഭയിൽ പ്രവേശിപ്പിക്കുന്ന വാതിലായി രൂപാന്തരപ്പെട്ടു. സ്വന്തം ഭവനത്തിലും സമൂഹത്തിലും ഇടവകയിലും ആശ്വാസവും പ്രത്യാശയും നൽകുന്നവൻ ആയിത്തീരത്തക്കവണ്ണം പ. സഭ ഏർപ്പെടുത്തിയിരിക്കുന്ന ആത്മീയ സംഘടനകൾ പ്രയോജനപ്പെടണം.

അതിനുവേണ്ടിയാകുന്നു ഓരോ പ്രായത്തിനും അവസ്ഥയ്ക്കും അനുയോജ്യമായ നിലയിൽ പ. സഭയിൽ സണ്ടേസ്കൂൾ, ബാലികാ ബാലസമാജങ്ങൾ, മർത്തമറിയം സമാജം, പ്രാർത്ഥനായോഗം എന്നിവ ഏർപ്പെടുത്തി, ഉത്തരവാദിത്വത്തോടുകൂടി പ. സഭ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പ. സഭയിൽ പ്രാർത്ഥനയോടും അനുസരണത്തോടുംകൂടി നമ്മൾക്ക് സഹകരിച്ചു പ്രവർത്തിക്കാം. അപ്രകാരം നാം ഓരോരുത്തരും ദൈവത്തിന്റെ ആലയത്തിൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെ ആകട്ടെയെന്നും ആശംസിക്കുന്നു.

*

# എന്തുകൊണ്ട് കിഴക്കോട്ടഭിമുഖമായി നിന്നു പ്രാർത്ഥിക്കണം?

—സി. ഡി. തോമസ് വടകോട്—

## 1–0 ആമുഖം

"ദൈവം സർവ്വവ്യാപിയാകയാൽ എങ്ങോട്ട് നിന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കും, കിഴക്കോട്ടുതന്നെ നിൽക്കണമെന്ന് നിർബന്ധമില്ല" എന്നും കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥന വേദാനുസരണം അല്ല എന്നും വാദിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. ദൈവം സർവ്വ വ്യാപിയാണ്. എന്നാൽ ദൈവം സമീപസ്ഥനായിരിക്കുന്നതുപോലെ ദൂരസ്ഥൻ കൂടിയാകുന്നുവെന്നും താൻ അരികത്ത് ഇരിക്കുമ്പോൾ കാണുന്നതുപോലെ തന്നെ ദൂരസ്ഥനായിരിക്കുമ്പോഴും കാണുന്നുവെന്നും വേദപുസ്തകം പറയുന്നു. യിരെ. 23:23, 24. "ഞാൻ സമീപസ്ഥനായ ദൈവം മാത്രം ആകുന്നുവോ? ദൂരസ്ഥനായ ദൈവവുമല്ലയോ? എന്ന്

യഹോവയുടെ അരുളപ്പാട് ഞാൻ കാണാതെവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ? എന്ന് യഹോവയുടെ അരുളപ്പാട് ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ''

ദൈവം സർവ്വ വ്യാപിയായതുകൊണ്ട് എങ്ങോട്ടുനിന്ന് പ്രാർത്ഥിച്ചാലും മതിയെന്ന് വേദപുസ്തകം അനുശാസിക്കിന്നില്ല. നേരേ മറിച്ച് വേദപുസ്തകം കിഴക്കിന് മററു ദിക്കുകളെക്കാൾ വളരെയധികം പ്രാധാന്യം കൊടുക്കുന്നുമുണ്ട്. എല്ലാദിക്കിലും ദൈവമുണ്ടെങ്കിലും കിഴക്കിന് ഒരു പ്രാധാന്യം പണ്ടുമുതലേ കല്പിക്കുന്നു. ദൈവം സർവ്വ വ്യാപിയാണെങ്കിലും ദേവാലയത്തിൽ തന്റെ പ്രത്യേക സാന്നിധ്യം ഉണ്ടെന്നു പറയുന്നതുപോലെ തന്നെയാണിതും.

## 1–1 മററു മതങ്ങളിൽ

യിസ്രായേല്യർ പ്രാർത്ഥനയിൽ യറുശലേമിനെയാണ് അഭിമുഖീകരിച്ചത്. ദാനിയേലിന്റെ ഭവനത്തിന്റെ കിളിവാതിൽ യറുശലേമിനു നേരേ തുറന്നിരുന്നു എന്നും താൻ പതിവായി മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു എന്നും ദാനിയേലിന്റെ പുസ്തകം 6:10 ൽ നാം വായിക്കുന്നു. 'എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്ന് ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, അവന്റെ മാളികമുറിയുടെ കിളിവാതിൽ യറുശലേമിനു നേരേ തുറന്നിരുന്നു. താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.''

മുസ്ലീങ്ങൾ അവരുടെ പുണ്യസ്ഥലമായ 'മെക്ക' യുടെ ദിക്കിലേക്കു (പടിഞ്ഞാറോട്ട്) നോക്കിയാണ് 'നിസ്കരിക്കുന്നത്.' [മെക്കയുടെ ദിശ കാണിക്കുന്ന വാച്ചുകൾ ലഭ്യമാണ്.] ഇതുപോലെ എല്ലാ മതവിഭാഗങ്ങൾക്കും ആരാധനയ്ക്കും അതിനുള്ള സ്ഥലത്തിനും ചില പ്രത്യേകതകൾ ദർശിക്കുവാൻ കഴിയും. അതിൽ അവർക്ക് പരാതിയോ വിമർശനമോ ഇല്ല.

സഭ അതിന്റെ പ്രാർത്ഥനയ്ക്ക് കിഴക്കുള്ള കാൽവറിയെ അഭയം പ്രാപിക്കുന്നു. കർത്താവിന്റെ മനുഷ്യാവതാര പ്രവർത്തനത്തിൽ കിഴക്കുള്ള പാലസ്തീൻ വേദിയായതുപോലെ കിഴക്കിന് ആ നിലയിലും പ്രാധാന്യമുണ്ട്. യേശുക്രിസ്തുവിന്റെ ജീവിതയാത്ര യഹൂദ്യ മുതൽ കിഴക്ക് ബഥാന്യവരെയായിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ക്രിസ്ത്യാനികൾ കിഴക്കോട്ടു ദർശനമായി നിന്ന് പ്രാർത്ഥിക്കണം. പരി. പിതാക്കന്മാരും വി. വേദപുസ്തകവും വി. സഭയും കിഴക്കിന് പ്രാധാന്യം കൊടുക്കുന്നു.

## 1–2 പഴയ നിയമത്തിൽ കിഴക്കിന്റെ പ്രാധാന്യം

1 ഉല്പത്തി 2:8 ''അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി. താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ



ആക്കി' ഏദൻ തോട്ടത്തെത്തന്നെ ദൈവം കിഴക്കാണ് നിർമ്മിച്ചത്.

2. ഉല്പത്തി 3:24 ''ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു. ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാണിപ്പാൻ അവൻ ഏദൻ തോട്ടത്തിനു കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി

വാതിൽക്കലാണല്ലോ കാവൽക്കാർ നിൽക്കുക അപ്പോൾ കിഴക്കു ദിക്കിൽ നിർമ്മിച്ച ഏദൻ തോട്ടത്തിന്റെ വാതിലും കിഴക്കായിരുന്നു എന്ന് വ്യക്തമാകുന്നു. ദൈവം തോട്ടത്തിൽ വന്നിരുന്നത് കിഴക്കുവശമുള്ള വാതിൽ വഴിയായിരുന്നു.

3. യെശ. 41:2 'ചെല്ലുന്നേടത്തൊക്കെയും നീതി എതിരേല്ക്കുന്നവനെ കിഴക്കുനിന്ന് ഉണർത്തിയതാർ? അവൻ ജാതികളെ അവന്റെ മുമ്പിൽ ഏല്പിച്ചുകൊടുക്കുകയും അവനെ രാജാക്കന്മാരുടെ മേൽ വാഴുമാറാക്കുകയും ചെയ്യുന്നു.'

എല്ലായിടത്തും നീതി എതിരേൽക്കുന്ന നീതിയിൻ സൂര്യൻ എപ്പോഴും കിഴക്കാണ്. അതുകൊണ്ട് നീതിയിൻ സൂര്യനായ ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നത് എപ്പോഴും കിഴക്കോട്ടു ദർശനമായിത്തന്നെയായിരിക്കണം. കാരണം സൂര്യൻ കിഴക്കു നിന്ന് ഉദിക്കുന്നതുപോലെ നീതിയിൻ സൂര്യനായ കർത്താവിന്റെയും ഉദയം കിഴക്കുനിന്നായിരിക്കും.

4. യെശ. 43:5 ''ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്. നിന്റെ സന്തതിയെ ഞാൻ കിഴക്കുനിന്ന് വരുത്തുകയും പടിഞ്ഞാറ് നിന്ന് നിന്നെ ശേഖരിക്കുകയും ചെയ്യും.''

5. യെശ. 46:11a 'ഞാൻ കിഴക്കുനിന്ന് ഒരു റാഞ്ചൽ പക്ഷിയെ ദൂരദേശത്തുനിന്ന് എന്റെ ആലോചനയെ അനുഷ്ഠിക്കിന്ന പുരുഷനെത്തന്നെ വിളിക്കുന്നു.''

ഇവിടെ ദൈവത്തിന്റെ ആറാഞ്ചൽപ്പക്ഷി ആലോചന അനുഷ്ഠിക്കുന്ന പുരുഷൻ കിഴക്കാണ് സ്ഥിതി ചെയ്യുന്നത്. അവൻ കിഴക്കുനിന്നും വരുമ്പോൾ പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുന്നത് വിവരക്കേടല്ലേ?

6. യെഹസ്കിയേൽ 10:19 ''അപ്പോൾ കെരൂബുകൾ ചിറകു വിടർത്തി ഞാൻ കാൺകെ ഭൂമിയിൽനിന്ന് മേലോട്ടുപൊങ്ങി, അവ പൊങ്ങിയപ്പോൾ ചക്രങ്ങളും ചേരത്തന്നെ ഉണ്ടായിരുന്നു, എല്ലാം കൂടെ യഹോവയുടെ ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ ചെന്നുനിന്നു. യിസ്രായേലിന്റെ ദൈവത്തിന്റെ മഹത്വവും മേലേ അവയ്ക്കുമീതേ നിന്നു.'

അതുകൊണ്ട് മാലാഖമാരുടെ വൃന്ദങ്ങളേയും ദൈവ മഹത്വത്തേയും നോക്കിയാണ് നാം പ്രാർത്ഥിക്കേണ്ടത്. അല്ലാതെ എവിടേയ്ക്കെങ്കിലും നോക്കിക്കൂടല്ല.

7 യെഹ. 11:1 ''അനന്തരം ആത്മാവ് എന്നെ എടുത്ത് യഹോവയുടെ ആലയത്തിൽ കിഴക്കോട്ടു ദർശനമുള്ള കിഴക്കേ പടിവാതിൽക്കൽ കൊണ്ടുപോയി.'

8 യെഹ. 43:1,2a ''അനന്തരം അവൻ എന്നെ ഗോപുരത്തിലേക്ക്

കിഴക്കോട്ടുള്ള ഗോപുരത്തിലേക്കു തന്നെ കൊണ്ടുചെന്നു. അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ് കിഴക്കുവഴിയായിവന്നു.'

ഇവിടെ കാണുവാൻ സാധിക്കുന്നത് ദൈവത്തിന്റെ തേജസ് കിഴക്കു ദിക്കിൽ നിന്നുമാണ് വരുന്നതെന്നാണ്. അതുകൊണ്ട് നാം ദൈവ തേജസിന് അഭിമുഖമായി നിന്നുകൊണ്ടു വേണം പ്രാർത്ഥിക്കുവാൻ. അതിനു പകരം പുറം തിരിഞ്ഞു നിന്നല്ല പ്രാർത്ഥിക്കേണ്ടത്. അത് ദൈവനിന്ദയാണ്. ദൈവകോപത്തിനും നാശത്തിനും ഇടയാകും.

9. യെഹ. 43:4 'യഹോവയുടെ തേജസ് കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽക്കൂടി ആലയത്തിൽ പ്രവേശിച്ചു.'

മേൽപ്പറഞ്ഞതുതന്നെ ഇവിടെയും ആവർത്തിക്കുന്നു. അതിനാൽ നമ്മുടെ പ്രാർത്ഥനാ സംഘത്തിന്റെ മധ്യത്തിലേക്ക് കിഴക്കു വശത്തു കൂടി എഴുന്നള്ളി വരുന്ന ദൈവത്തെ സ്വീകരിപ്പാനും അനുഗ്രഹം പ്രാപിപ്പാനും നാം കിഴക്കോട്ടുതന്നെ ദർശനമായിട്ട് നിൽക്കണം. മററു ദിക്കുകളിലേക്ക് ദർശനമുള്ള ഗോപുരങ്ങൾ ഉണ്ടായിരുന്നെങ്കിലും തേജസ് പ്രവേശിച്ചത് കിഴക്കോട്ട് ദർശനമുള്ള ഗോപുരത്തിൽക്കൂടിയാണ്.

10. യെഹ. 44:1,2 'അനന്തരം അവൻ എന്നെ വിശുദ്ധ മന്ദിരത്തിന്റെ കിഴക്കോട്ടു ദർശനമുള്ള പുറത്തെ ഗോപുരത്തിലേക്ക് മടക്കി കൊണ്ടുവന്നു. എന്നാൽ അത് അടച്ചിരുന്നു. അപ്പോൾ യഹോവ എന്നോടരുളിച്ചെയ്തത് ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കേണം. ആരും അതിൽക്കൂടി കടക്കരുത്. യിസ്രായേലിന്റെ ദൈവമായ യഹോവ അതിൽക്കൂടി അകത്തു കടന്നതുകൊണ്ട് അത് അടച്ചിരിക്കേണം.'

യഹോവ അകത്തു പ്രവേശിക്കുന്നത് കിഴക്കേവാതിൽ വഴിയാണെന്ന് വളരെ സ്പഷ്ടമായി കാണുന്നു. അതിനാൽ കൃപ പ്രാപിപ്പാൻ കിഴക്കോട്ട് ദർശനമായി നിൽക്കണം.

11 യെഹ. 45:7 'പ്രഭുവിനുള്ളതോ വിശുദ്ധ വഴിപാടിടത്തിനും നഗര സ്വത്തിനും ഇപ്പുറത്തും അപ്പുറത്തും വിശുദ്ധ വഴിപാടിടത്തിനും നഗര സ്വത്തിനും മുമ്പിൽ പടിഞ്ഞാറുവശത്ത് പടിഞ്ഞാറോട്ടും കിഴക്കുവശത്ത് കിഴക്കുവശത്ത് കിഴക്കോട്ടും ആയിരിക്കണം. അതിന്റെ നീളം ദേശത്തിന്റെ പടിഞ്ഞാറെ അതിർത്തി മുതൽ കിഴക്കേ അതിരുവരെയുള്ള അംശങ്ങളിൽ ഒന്നിനോട് ഒത്തിരിക്കേണം.'

12. യെഹ. 46:12a 'എന്നാൽ പ്രഭു സ്വമേധാദാനമായ ഹോമയാഗമോ സ്വമേധാദാനമായ സമാധാനയാഗങ്ങളോ യഹോവയ്ക്ക് അർപ്പിക്കുമ്പോൾ കിഴക്കോട്ടു ദർശനമായുള്ള ഗോപുരം അവനു തുറന്നു കൊടുക്കേണം. ബലികർമ്മാദികളും നമസ്കാരങ്ങളും അർപ്പിക്കുന്നത് 'കിഴക്കു ദിക്കിനെ ദർശനമാക്കി വേണം' എന്ന് വ്യക്തം. അതുകൊണ്ട് ഒരു വിശ്വാസിയുടെ ആരാധനയും പ്രാർത്ഥനയുമെല്ലാം കിഴക്കോട്ടു തിരിഞ്ഞുനിന്നായിരിക്കണം. ദൈവ



തേജസ് ദർശിക്കുവാൻ ദേവാലയനിർമ്മാണം കിഴക്കുപടിഞ്ഞാറായിരിക്കണം. കർത്താവിന്റെ വരവു പ്രതീക്ഷിച്ചായിരിക്കണം ക്രിസ്ത്യാനിയുടെ പ്രാർത്ഥന.

13. യെഹ. 47:1-3 'അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തിങ്കൽ മടക്കികൊണ്ടുവന്നപ്പോൾ ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്ന് വെള്ളം കിഴക്കോട്ടുപുറപ്പെടുന്നത് ഞാൻ കണ്ടു. ആലയത്തിന്റെ മുഖം കിഴക്കോട്ടല്ലോ. ആ വെള്ളം ആലയത്തിന്റെ വലത്തു ഭാഗത്ത് കീഴെ നിന്ന് യാഗപീഠത്തിനു തെക്കുവശമായി ഒഴുകി. അവൻ വടക്കോട്ടുള്ള ഗോപുരത്തിൽ കൂടി എന്നെ പുറത്തു കൊണ്ടുവന്നു. പുറത്തെ വഴിയായി കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽക്കൂടി പുറത്തെ ഗോപുരത്തിലേക്ക് ചുററി നടത്തികൊണ്ടു പോയി. വെള്ളം വലത്തു ഭാഗത്തു കൂടി ഒഴുകുന്നത് ഞാൻ കണ്ടു. ആ പുരുഷൻ കയ്യിൽ ചരടുമായി കിഴക്കോട്ടു നടന്നു. ആയിരം മുഴം അളന്ന് എന്നെ വെള്ളത്തിൽക്കൂടി കടക്കുമാറാക്കി'.

യെഹസ്കിയേലിന്റെ വിവരണങ്ങളിലെല്ലാം കിഴക്കിന്റെ പ്രാധാന്യമാണ് കാണുന്നത്.

14. യെഹ. 47:8 'അപ്പോൾ അവൻ എന്നോടരുളിച്ചെയ്തത് ഈ വെള്ളം കിഴക്കെ ഗലീലയിലേക്കു പുറപ്പെട്ടു അരാബയിലേക്ക് ഒഴുകി കടലിൽ വീഴുന്നു.'

ഈ വാക്യങ്ങളിലെല്ലാം കിഴക്കിന്റെ പ്രാധാന്യം വളരെ വ്യക്തമായി വെളിപ്പെടുന്നു.

15. മലാഖി 4:2 .'നീതി സൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടു കൂടെ (കിഴക്കുനിന്ന്) ഉദിക്കും.' എന്ന് മലാഖി പ്രവാചകനും സാക്ഷിക്കുന്നു. അന്ധകാരം നീക്കുന്ന സൂര്യൻ കിഴക്കാണുദിക്കുന്നത്. നീതിയിൻ സൂര്യനായ കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുന്നു എന്ന അർത്ഥത്തിലും കിഴക്കോട്ടു ദർശനമായി നിന്ന് പ്രാർത്ഥിക്കുന്നു.

ഇങ്ങനെ പഴയ നിയമത്തിലുടനീളം കിഴക്കിന് പ്രാധാന്യമുണ്ടെന്നുള്ളത് തർക്കമററ വസ്തുതയാണ്.

## 1-3 പുതിയനിയമത്തിൽ

പുതിയ നിയമവും കിഴക്കിന് വളരെയധികം പ്രാധാന്യം നൽകിവരുന്നു.

1. മത്താ. 2:1 'ഹേരോദാ രാജാവിന്റെ കാലത്ത് യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിച്ചശേഷം കിഴക്കുനിന്ന് വിദ്വാന്മാർ എത്തി.

2. മത്താ. 2:2 'യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ട് അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

3. മത്താ. 2:9 'രാജാവ് പറഞ്ഞതുകേട്ട് അവർ പുറപ്പെട്ടു. അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ വന്നു നിൽക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു.

വിദ്വാൻമാർ നക്ഷത്രം കണ്ടത് കിഴക്കാണ്. അവർ വന്നതും കിഴക്കുനിന്നാണ്. കർത്താവി

ന്റെ ജനനത്തിൽ കിഴക്ക് അടയാളങ്ങൾ ദൃശ്യമായതുപോലെ അവന്റെ രണ്ടാമത്തെ വരവിലും കിഴക്കുനിന്ന് അടയാളങ്ങൾ ദൃശ്യമാകുമെന്ന് പ്രത്യാശിച്ചുകൊണ്ടാണ് സഭ കിഴക്കോട്ടു തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നത്. കർത്താവിന്റെ പ്രവർത്തന വേദി കിഴക്കുള്ള പാലസ്തീനും ജീവിതയാത്ര യഹൂദ്യ മുതൽ കിഴക്ക് ബഥാന്യവരെയുമായിരുന്നു. പ്രാർത്ഥനയ്ക്ക് നാം കിഴക്കുള്ള കാൽവറിയെ അഭിമുഖീകരിക്കുന്നു.

4. മത്താ. 24:27 'മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവുമാകും.'

നമ്മുടെ ഇപ്പോഴത്തെ പ്രത്യാശ എന്നു പറയുന്നത് യേശു ക്രിസ്തു രണ്ടാമത് വന്ന് നമ്മെ ചേർത്തുകൊള്ളും എന്നതാണ്. (യോഹ. 14:2ff) 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നേടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും...........' (യോഹ. 14-ാം അധ്യായം മുഴുവൻ കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അതിനുമുമ്പെ അയക്കുന്നതിനെക്കുറിച്ചുമാണ്.)

രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർക്കുന്നതിനെപ്പററി വി. കുർബ്ബാനയിൽ നാം ചെല്ലുന്നു. 'ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേല്പിനെ ഞങ്ങൾ ഏററുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെല്ലാവരുടേയും മേൽ ഉണ്ടായിരിക്കണമെ എന്നാണ്.

'നാഥാ നിൻ മൃതിയോർത്തെങ്ങൾ
നിന്നുത്ഥാനമതേ—റോതി
കാക്കുന്നു നിൻ പുനരാ-ഗമനം
വാഴ്‌വരുളുക-ഞങ്ങൾ-ക്കെന്നും.'

വിശ്വാസ പ്രമാണത്തിന്റെ അവസാന ഭാഗത്തും 'വരുവാനിരിക്കുന്ന ലോക'ത്തെക്കുറിച്ചുള്ള പ്രത്യാശയുണ്ട്. 'പാപമോചനത്തിന് മാമോദീസാ ഒരിക്കൽ മാത്രമാകുന്നു എന്നു ഞങ്ങൾ ഏററുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.'

മത്താ. 24:27 ൽ നമുക്കു കാണുവാൻ കഴിയുന്നത് കർത്താവ് കിഴക്കുനിന്ന് രണ്ടാമത് വരുന്നു എന്നാണ്. അതിനാൽ അവന്റെ രണ്ടാമത്തെ വരവിനു വേണ്ടി നോക്കിപ്പാർക്കുന്ന നാം കിഴക്കോട്ടു ദർശനമായി നിന്നുകൊണ്ടു വേണം പ്രാർത്ഥിപ്പാൻ.



## 1–4 പിതാക്കന്മാരുടെ പഠിപ്പിക്കൽ

'Apostolic Constitution' എന്ന പുരാതന കൃതിയിൽ ആരാധനയ്ക്കുള്ള കെട്ടിടം കിഴക്കു പടിഞ്ഞാറായി ഒരു കപ്പലിന്റെ ആകൃതിയിലായിരിക്കണം എന്നു പറഞ്ഞിരിക്കുന്നു. നോഹയുടെ പെട്ടകത്തിൽ ജല പ്രളയ സമയത്ത് ബലിയർപ്പിച്ചത് ഓർക്കുക. നോഹയുടെ പെട്ടകത്തെ ആദ്യത്തെ ദേവാലയമായി (Mobile Church) കരുതുന്നതിൽ തെററില്ല. മേൽപ്പറഞ്ഞ പുസ്തകത്തിൽ പറയുന്നു. 'വിശ്വാസികൾ കിഴക്കോട്ട് അഭിമുഖമായി നിന്നുകൊണ്ട് പ്രാർത്ഥിക്കണം. എന്തുകൊണ്ടെന്നാൽ ക്രിസ്തു കിഴക്കോട്ടാണ് സ്വർഗ്ഗാരോഹണം ചെയ്തത്. ആദാം പുറത്താക്കപ്പെട്ട ഏദൻ എന്ന പറുദീസായും കിഴക്കാണ്.'

അലക്സന്ത്രിയായിലെ വി. ക്ലിമ്മീസ്, ഒറിഗൺ, കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളായ വലിയ മാർ ബസേലിയോസ്, തെർത്തുല്യൻ തുടങ്ങിയ നിരവധി ആദിമ സഭാ പിതാക്കന്മാരും എഴുത്തുകാരുമൊക്കെ കിഴക്കോട്ടു തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കണമെന്നു തന്നെയാണ് പഠിപ്പിച്ചത്.

## 1–5 നവീകരണ മതം

സഭയിൽ നിലവിലുള്ള കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്ന പുരാതന പാരമ്പര്യം നവീകരണക്കാരുടെ ഉത്ഭവം വരെയും അഭംഗുരം തുടർന്നുവന്നു. നവീകരണ സഭകൾ രൂപം കൊണ്ടപ്പോൾ മാതൃസഭയുടെ ആചാരങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും നന്മതിന്മ വ്യത്യാസം നോക്കാതെ പലതും എടുത്തുകളഞ്ഞു. പല ആചാര നടപടികളും വെട്ടിക്കുറച്ച കൂട്ടത്തിൽ കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥനയ്ക്കും കോടാലി വച്ചു. പുരാതന സഭകളോടുള്ള വീറും വാശിയും മൂലം പെന്തക്കോസ്ത് സംഘടനക്കാരാണ് കിഴക്കോട്ടു തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നതിനെ ഏററവും കൂടുതൽ വിമർശിക്കുന്നത്. പ്രൊട്ടസ്റ്റന്റ് നേതാവായ മാർട്ടിൻ ലൂഥർ ചെയ്തതുപോലെ കുഞ്ഞിനെ കുളിപ്പിച്ച് അഴുക്കു വെള്ളം ദൂരെ കളയുന്ന ധൃതിക്കിടയിൽ കുഞ്ഞിനേയും കൂടി അവർ എറിഞ്ഞുകളഞ്ഞു!

## 1–6 ഉപസംഹാരം

കിഴക്കോട്ടു ദർശനമായി നിന്നു പ്രാർത്ഥിക്കുന്ന ആദിമുതലുള്ള പാരമ്പര്യം എപ്പിസ്കോപ്പൽ സഭകളെല്ലാം ഇപ്പോഴും തുടർന്നുവരുന്നു. മദ്ബഹാ എപ്പോഴും കിഴക്കുവശത്താണല്ലോ പണിയുന്നത്. 'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1 കൊരി 14:39b) എന്ന അപ്പോസ്തോലിക ഉപദേശത്തിനു വിരുദ്ധമായി ചില സംഘടനകൾ (സഭയെന്നു സ്വയം അവകാശപ്പെടുന്ന) ഈ പാരമ്പര്യത്തെ നിഷേധിക്കുന്നുണ്ട്. കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്ന പ്രാചീന ക്രൈസ്തവ സഭാ പാരമ്പര്യം വേദപുസ്തക സത്യങ്ങൾക്ക് അനുസൃതമാണ്.

ന്റെ ജനനത്തിൽ കിഴക്ക് അടയാളങ്ങൾ ദൃശ്യമായതുപോലെ അവന്റെ രണ്ടാമത്തെ വരവിലും കിഴക്കുനിന്ന് അടയാളങ്ങൾ ദൃശ്യമാകുമെന്ന് പ്രത്യാശിച്ചുകൊണ്ടാണ് സഭ കിഴക്കോട്ടു തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നത്. കർത്താവിന്റെ പ്രവർത്തന വേദി കിഴക്കുള്ള പാലസ്തീനും ജീവിതയാത്ര യഹൂദ്യ മുതൽ കിഴക്ക് ബഥാന്യവരെയുമായിരുന്നു. പ്രാർത്ഥനയ്ക്ക് നാം കിഴക്കുള്ള കാൽവറിയെ അഭിമുഖീകരിക്കുന്നു.

4. മത്താ. 24:27 'മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവുമാകും.'

നമ്മുടെ ഇപ്പോഴത്തെ പ്രത്യാശ എന്നുപറയുന്നത് യേശു ക്രിസ്തു രണ്ടാമത് വന്ന് നമ്മെ ചേർത്തുകൊള്ളും എന്നതാണ്. (യോഹ. 14:2ff) 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നേടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും..............' (യോഹ. 14-ാം അധ്യായം മുഴുവൻ കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അതിനുമുമ്പെ അയക്കുന്നതിനെക്കുറിച്ചുമാണ്.)

രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർക്കുന്നതിനെപ്പററി വി. കുർബ്ബാനയിൽ നാം ചൊല്ലുന്നു. 'ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏററുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെല്ലാവരുടേയും മേൽ ഉണ്ടായിരിക്കണമെ എന്നാണ്.

'നാഥാ നിൻ മൃതിയോർത്തെങ്ങൾ
നിന്നുത്ഥാനമതേ—ററോതി
കാക്കുന്നൂ നിൻ പുനരാ-ഗമനം
വാഴ്‌വരുളുക-ഞങ്ങൾ-ക്കെന്നും.'

വിശ്വാസ പ്രമാണത്തിന്റെ അവസാന ഭാഗത്തും 'വരുവാനിരിക്കുന്ന ലോക'ത്തെക്കുറിച്ചുള്ള പ്രത്യാശയുണ്ട്. 'പാപമോചനത്തിന് മാമോദീസാ ഒരിക്കൽ മാത്രമാകുന്നു എന്നു ഞങ്ങൾ ഏററുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.'

മത്താ. 24:27 ൽ നമുക്കു കാണുവാൻ കഴിയുന്നത് കർത്താവ് കിഴക്കുനിന്ന് രണ്ടാമത് വരുന്നു എന്നാണ്. അതിനാൽ അവന്റെ രണ്ടാമത്തെ വരവിനു വേണ്ടി നോക്കിപ്പാർക്കുന്ന നാം കിഴക്കോട്ടു ദർശനമായി നിന്നുകൊണ്ടു വേണം പ്രാർത്ഥിപ്പാൻ.



## 1–4 പിതാക്കന്മാരുടെ പഠിപ്പിക്കൽ

'Apostolic Constitution' എന്ന പുരാതന കൃതിയിൽ ആരാധനയ്ക്കുള്ള കെട്ടിടം കിഴക്കു പടിഞ്ഞാറായി ഒരു കപ്പലിന്റെ ആകൃതിയിലായിരിക്കണം എന്നു പറഞ്ഞിരിക്കുന്നു. നോഹയുടെ പെട്ടകത്തിൽ ജല പ്രളയ സമയത്ത് ബലിയർപ്പിച്ചത് ഓർക്കുക. നോഹയുടെ പെട്ടകത്തെ ആദ്യത്തെ ദേവാലയമായി (Mobile Church) കരുതുന്നതിൽ തെററില്ല. മേൽപ്പറഞ്ഞപുസ്തകത്തിൽ പറയുന്നു. 'വിശ്വാസികൾ കിഴക്കോട്ട് അഭിമുഖമായി നിന്നുകൊണ്ട് പ്രാർത്ഥിക്കണം. എന്തുകൊണ്ടെന്നാൽ ക്രിസ്തു കിഴക്കോട്ടാണ് സ്വർഗ്ഗാരോഹണം ചെയ്തത്. ആദാം പുറത്താക്കപ്പെട്ട ഏദൻ എന്ന പറുദീസായും കിഴക്കാണ്.'

അലക്സന്ത്രിയായിലെ വി. ക്ലീമ്മീസ്, ഒറിഗൺ, കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളായ വലിയ മാർ ബസേലിയോസ്, തെർത്തുല്യൻ തുടങ്ങിയ നിരവധി ആദിമ സഭാ പിതാക്കന്മാരും എഴുത്തുകാരുമൊക്കെ കിഴക്കോട്ടു തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കണമെന്നു തന്നെയാണ് പഠിപ്പിച്ചത്.

## 1–5 നവീകരണ മതം

സഭയിൽ നിലവിലുള്ള കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്ന പുരാതന പാരമ്പര്യം നവീകരണക്കാരുടെ ഉത്ഭവം വരെയും അഭംഗുരം തുടർന്നുവന്നു. നവീകരണ സഭകൾ രൂപം കൊണ്ടപ്പോൾ മാതൃസഭയുടെ ആചാരങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും നന്മതിന്മ വ്യത്യാസം നോക്കാതെ പലതും എടുത്തുകളഞ്ഞു. പല ആചാര നടപടികളും വെട്ടിക്കുറച്ച കൂട്ടത്തിൽ കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥനയ്ക്കും കോടാലി വച്ചു. പുരാതന സഭകളോടുള്ള വീറും വാശിയും മൂലം പെന്തക്കോസ്തു സംഘടനക്കാരാണ് കിഴക്കോട്ടു തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നതിനെ ഏററവും കൂടുതൽ വിമർശിക്കുന്നത്. പ്രൊട്ടസ്റ്റന്റ് നേതാവായ മാർട്ടിൻ ലൂഥർ ചെയ്തതുപോലെ കുഞ്ഞിനെ കുളിപ്പിച്ച് അഴുക്കു വെള്ളം ദൂരെ കളയുന്ന ധൃതിക്കിടയിൽ കുഞ്ഞിനേയും കൂടി അവർ എറിഞ്ഞുകളഞ്ഞു!

## 1–6 ഉപസംഹാരം

കിഴക്കോട്ടു ദർശനമായി നിന്നു പ്രാർത്ഥിക്കുന്ന ആദി മുതലുള്ള പാരമ്പര്യം എപ്പിസ്കോപ്പൽ സഭകളെല്ലാം ഇപ്പോഴും തുടർന്നുവരുന്നു. മദ്ബഹാ എപ്പോഴും കിഴക്കുവശത്താണല്ലോ പണിയുന്നത്. 'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1 കൊരി 14:39b) എന്ന അപ്പോസ്തോലിക ഉപദേശത്തിനു വിരുദ്ധമായി ചില സംഘടനകൾ (സഭയെന്നു സ്വയം അവകാശപ്പെടുന്ന) ഈ പാരമ്പര്യത്തെ നിഷേധിക്കുന്നുണ്ട്. കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്ന പ്രാചീന ക്രൈസ്തവ സഭാ പാരമ്പര്യം വേദപുസ്തക സത്യങ്ങൾക്ക് അനുസൃതമാണ്.

# യഹോവയെ കാത്തിരിക്കുന്നവർ

സി. എം. തങ്കച്ചൻ, ഡയറക്റ്റർ, ദിവ്യബോധനം

യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുകയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും. (യെശ. 40:31)

യഹോവയെ ദൈവം യഹൂദന്മാരെ ലോകത്തിലുള്ള മറ്റെല്ലാ ജാതികൾക്കും മേലായി ഉയർത്തുമെന്നവർ വിശ്വസിച്ചിരുന്നു. എന്നാൽ അവരുടെ യഥാർത്ഥത്തിലുള്ള അനുഭവം പ്രതീക്ഷക്കെതിരായിരുന്നു. ശലോമോൻ രാജാവിന്റെ കാലത്തിനുശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇരു രാജ്യങ്ങളും തമ്മിൽ മത്സരവും യുദ്ധവും ഉണ്ടായിക്കൊണ്ടിരുന്നതിനാൽ അവരുടെ ശക്തി ക്രമേണ ക്ഷയിച്ചുപോയി. അങ്ങനെ ഇരിക്കുമ്പോൾ അശൂർ, ബാബിലോൺ മുതലായ സാമ്രാജ്യങ്ങളുടെ സൈന്യങ്ങൾ അവരെ കീഴടക്കി ഒരു വലിയ കൂട്ടം ജനങ്ങളെ അവരുടെ ദേശത്തുകൊണ്ടുപോയി പല സ്ഥലങ്ങളിലായി ചിതറിപാർപ്പിച്ചു. അവരുടെ പാപത്തിന്റെ ഫലമായിട്ടാണിങ്ങനെ സംഭവിച്ചതും. അതുകൊണ്ട് ഇനിയും യഹോവയെ സേവിച്ചിട്ടു കാര്യമില്ലെന്നും അവർ ചെന്നിരിക്കുന്ന ദേശത്തെ ദേവന്മാരെ സേവിക്കുകയാണ് വേണ്ടതെന്നും അവരിൽ പലരും വിചാരിച്ചു. ക്രമേണ ആരാധനയും പ്രാർത്ഥനയും എല്ലാം അവർ ഉപേക്ഷിക്കുകയും ചുററുപാടും താമസിക്കുന്ന ജനങ്ങളെപ്പോലെ വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തു. അങ്ങനെയിരിക്കുമ്പോഴാണ് അതിതീക്ഷ്ണത

## 1-7 Bibliography

1 Ipe, Geevarghese V.
സത്യവിശ്വാസത്തിൽ ജീവിക്ക
മാവേലിക്കര M. T. C.
പ്രസ് 1990 1st Imp

2 Varghese John C. Rev. Fr.
വിശ്വാസ പാഠങ്ങൾ
പത്താഴി ക്രിസ്ത്യൻ പ്രയർ
ഫെലോഷിപ്പ്, 1993

3 Geevarghese K. Rev. Fr.
സത്യവിശ്വാസദർപ്പണം, അഞ്ചൽ,
സെന്റ് ജോൺസ് പ്രസ്; 1985

4 മലങ്കര ഓർത്തഡോക്സ് സഭാ
വിജ്ഞാന കോശം
Old seminary. P. P. 229, 230

5 'Orthodox Youth' Editorial
Sept - October 1993

6 ബഥേൽ പത്രിക മാസിക
July 1993,
ചെങ്ങന്നൂർ ബഥേൽ അരമന

7 വി. കുർബ്ബാനക്രമം.
M. O. C. Publication,
Kottayam 1989 P.P. 187, 192



യുള്ളവനായ ഒരു പ്രവാചകൻ അവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട് അവർക്ക് ധൈര്യപ്രദമായ ഒരു ദൂത് നല്കുന്നത്. അവർ നിരാശപ്പെടേണ്ട കാര്യമില്ലെന്നും ചുററുപാടുമുള്ള സാഹചര്യങ്ങൾ എത്ര തന്നെ പ്രതികൂലമായിരുന്നാലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കുമെന്ന് പ്രവാചകൻ പറഞ്ഞു. (യെശ. 40:27-31) ഈ ദൂത് ജനഹൃദയങ്ങളിൽ ആഴമായി പതിപ്പിക്കുന്നതിനു വേണ്ടി പ്രവാചകൻ രണ്ടു ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുന്നു. ഒന്നാമത്തേത് ഒരു കഴുകന്റെ ദൃഷ്ടാന്തമാണ്. 'അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും.' ആകാശത്തിൽ സഞ്ചരിക്കുമ്പോൾ മാർഗ്ഗമദ്ധ്യേ വലിയ വൃക്ഷങ്ങളോ മലകളോ ഉണ്ടായിരുന്നാൽ കഴുകൻ ചിറകടിച്ച് മേല്പോട്ട് ഉയർന്ന് ആ പ്രതിബന്ധങ്ങളുടെ മീതെ കൂടെ പറന്നുപോകുന്നു. യഹോവയെ കാത്തിരിക്കുന്നവർ അതുപോലെയാണ്. പ്രതികൂലങ്ങളും പ്രയാസങ്ങളും ഒന്നും അവർക്ക് തടസമല്ല. അവയ്ക്കു മീതെ ഉയർന്നു ജീവിക്കുവാൻ അവർക്കു കഴിയും.

പുരാതന കാലത്ത് ചില പൗരസ്ത്യ ദേശങ്ങളിൽ കഴുകനെപ്പററി ഒരു മൂഢ വിശ്വാസമുണ്ടായിരുന്നു. അതിന്റെ ശക്തി ഒരിക്കലും ക്ഷയിക്കയില്ല എന്നുള്ളതായിരുന്നു ആ വിശ്വാസം. കുറെ പ്രായമാകുമ്പോൾ കഴുകൻ തൂവലുകൾ പൊഴിക്കും. വീണ്ടും പുതിയ തൂവലുകൾ ഉണ്ടാകുന്നതോടു കൂടി അതിന്റെ യൗവനം പുതുക്കപ്പെടുന്നു എന്ന് വിശ്വസിച്ചിരുന്നു. അത് ഒരു ദൃഷ്ടാന്തമായി 103-ാം സങ്കീർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. (103:5) 'നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകി വരത്തക്കണ്ണം അവൻ നിന്റെ വായ്ക്ക് നന്മ കൊണ്ടു തൃപ്തി വരുത്തുന്നു.' രണ്ടാമത്തെ ദൃഷ്ടാന്തം 'അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.' ഒരുവൻ ദീർഘനേരം ഓടിയാൽ തളർന്നു പോകും. അതുപോലെ ദീർഘ ദൂരം നടന്നാലും ശരീരം കൊണ്ട് കഠിനാദ്ധ്വാനം ചെയ്യുന്നവർ വൈകുന്നേരമാകുമ്പോഴേക്കും ക്ഷീണിക്കും. പിന്നെ കുളിയും ഭക്ഷണവും കഴിഞ്ഞ് സുഖമായി ഉറങ്ങുന്നു. പിറ്റെ ദിവസം രാവിലെ പുതുക്കം പ്രാപിച്ചവനായി അവൻ വീണ്ടും തന്റെ വേലയ്ക്ക് പുറപ്പെട്ടു പോകുന്നു. ഇതു നമ്മുടെ ശരീരത്തെ സംബന്ധിച്ച് എത്ര വാസ്തവമാണോ അത്രയും നമ്മുടെ ആത്മാവിനെ സംബന്ധിച്ചും വാസ്തവമാണ്. നമ്മിലുള്ള ആത്മീയ ശക്തിയും ചൈതന്യവും കുറഞ്ഞു പോകുമ്പോൾ അതിനെ പുതുക്കുന്നതിനുള്ള മാർഗ്ഗമാണ് സത്യകുമ്പസാരവും വി. കുർബ്ബാനാനുഭവവും ഈ മാർഗ്ഗങ്ങൾ നാം ശരിയായും ക്രമമായും ഉപയോഗിക്കാതിരുന്നാൽ നമ്മുടെ ആത്മീയ ജീവിതം തണുത്തുപോകും. പ്രതികൂലമായ സാഹചര്യങ്ങളിൽ ജീവിച്ചിട്ട് ക്ഷീണിച്ചു തളർന്നുപോയ യഹൂദന്മാരുടെ ആത്മീയ ശക്തിയെ പുതുക്കുന്നതിനുള്ള മാർഗം യഹോവയെ കാത്തിരിക്കുന്നതാണെന്ന് പ്രവാചകൻ പറയുന്നു.

ബാബിലോണിൽ പ്രവാസിയായി താമസിച്ച ദാനിയേൽ പ്രതികൂലമായ സാഹചര്യങ്ങളിൽ വളരെ ശക്തിയും സ്വാധീനവും, കഴിവുമുള്ള ഒരു ജീവിതം നയിച്ചു. അതിന്റെ ഫലമായി രാജ്യഭരണ രംഗത്ത് അതിപ്രാധാനമായ ഒരു സ്ഥാനം അവന് ലഭിച്ചു. ജീവനുള്ള ദൈവത്തിന്റെ സാക്ഷിയായി ശോഭിപ്പാൻ അവനു കഴിഞ്ഞു. അതിന്റെ കാരണം അവൻ യഹോവയെ കാത്തിരിക്കുന്നവനായിരുന്നു എന്നുള്ളതാണ്. മുപ്പതു ദിവസത്തേക്ക് രാജാവിനോടല്ലാതെ യാതൊരു ദേവനോടോ മനുഷ്യനോടോ ആരെങ്കിലും പ്രാർത്ഥിച്ചാൽ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും എന്നൊരു രാജകല്പനയുണ്ടായിട്ടും അവൻ ആത്മീയ ശക്തിയെ പുതുക്കേണ്ടതിന് ദൈവത്തോട് തന്നെ പ്രാർത്ഥിക്കുകയും ചെയ്തു. ദാനിയേൽ വീട്ടിൽ ചെന്ന് അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിനുനേരെ തുറന്നിരുന്നു. താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു. (ദാനി. 6:10) അതുപോലെ തന്നെ നെബുഖദ്നേസർ രാജാവു പൊന്നു കൊണ്ടുണ്ടാക്കിയ ബിംബത്തെ നമസ്കരിക്കാത്ത ഏവരെയും എരിയുന്ന തീച്ചൂളയിൽ ഇടുമെന്നു രാജകല്പനയുണ്ടായിട്ടും ശദ്രക്, മേശക്, അബേദ്നെഗോ എന്നീ യഹൂദ ഉദ്യോഗസ്ഥന്മാർ അതിനു വിസമ്മതിക്കുകയും സത്യ ദൈവത്തോടു മാത്രം പ്രാർത്ഥിക്കുകയും ചെയ്തു. അവർക്ക് യാതൊരു ഹാനിയും തട്ടാതിരുന്നപ്പോൾ രാജാവു പറഞ്ഞു 'ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നഗോവിന്റെയും ദൈവം വാഴ്ത്തപ്പെട്ടവൻ തങ്കൽ ആശ്രയിക്കുകയും സ്വന്തദൈവത്തെയല്ലാതെ വേറൊരു ദൈവത്തെയും സേവിക്കുകയോ നമസ്കരിക്കയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകല്പന കൂടെ മറുത്തു തങ്ങളുടെ ദേഹത്തെ ഏല്പിച്ചുകൊടുക്കുകയും ചെയ്ത തന്റെ ദാസന്മാരെ അവൻ സ്വദൂതനെ അയച്ചു വിടുവിച്ചുവല്ലോ' (ദാനി. 3:23) ദൈവത്തിൽ ആഴമായി വിശ്വസിക്കുകയും ദൈവത്തിന്റെ കൃപയും ശക്തിയും പ്രാപിക്കുകയും ചെയ്തു കൊണ്ടിരുന്നതിനാലാണ്, പ്രതികൂല സാഹചര്യങ്ങളിൽത്തന്നെയും രാജ്യത്തു ചുമതലയുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിനും സത്യദൈവത്തിന്റെ ധീരസാക്ഷികളായി ജീവിക്കുന്നതിനും അവർക്ക് കഴിഞ്ഞത്.

നമ്മുടെ കർത്താവ് വളരെ തിരക്കിട്ട ജീവിതമായിരുന്നു നയിച്ചത്. എങ്കിലും പ്രാർത്ഥിപ്പാനായി നിർജന സ്ഥലത്തേക്ക് വാങ്ങിപ്പോയി പിതാവിനോടുള്ള സംസർഗത്തിൽ ശക്തി സംഭരിക്കുമായിരുന്നു. ഇന്നു നാം ചെയ്യാറുള്ളതുപോലെ ഒരു ചടങ്ങായിട്ടല്ലായിരുന്നു കർത്താവ് പ്രാർത്ഥിച്ചിരുന്നതും ദൈവത്തെ ആരാധിച്ചിരുന്നതും. ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് ഒരു രാത്രി മുഴുവനും യേശു പ്രാർത്ഥനയിൽ ചെലവഴിച്ചു (ലൂക്കൊ. 6:12-13) മറുരൂപ മലയിൽ കർത്താവ് പ്രാർത്ഥിക്കുമ്പോൾ 'മുഖത്തിന്റെ ഭാവം മാറി, ഉടുപ്പു മിന്നുന്ന വെള്ളയായും തീർന്നു.



# പാപപരിഹാര ബലിയും, അസസ്സേലും

(ലേവ്യ. 16:1_22)

റ്റി. സി. ജോൺ, മാരാമൺ

യഹോവയായ ദൈവം മോശമുഖാന്തിരം അനേക കല്പനകളും പ്രമാണങ്ങളും യിസ്രായേൽ ജനത്തിന് നല്കി. ഇവയിൽ വളരെ നിഷ്കർഷയോടും, കർശനമായും പാലിക്കേണ്ടത് പൗരോഹിത്യ സംബന്ധമായ കാര്യങ്ങളാണ് എന്നു നാം കാണുന്നു. പുരോഹിതാഭിഷേകത്തെപ്പറ്റിയും മറ്റും വിവരിക്കുന്ന ഭാഗങ്ങൾ വായിക്കുമ്പോൾ അത് നമുക്ക് മനസിലാകും. (ഉദാ. ലേവി. 8:1–36) പൗരോഹിത്യ കാര്യങ്ങളെപ്പറ്റി വളരെ സൂക്ഷ്മമായി പ്രതിപാദിക്കയും ഓരോന്നും യഹോവ കല്പിച്ച പ്രകാരം അഥവാ കാണിച്ച പ്രകാരം എന്ന് ആവർത്തിച്ചു പറയുന്നുണ്ട്.

ഇതു സംബന്ധിച്ച ദൈവകല്പന അനുസരിക്കാതെ അശ്ര

---

രണ്ടു പുരുഷന്മാർ അവനോട് സംഭാഷിച്ചു. മോശെയും ഏലിയാവും തന്നെ അവർ തേജസിൽ പ്രത്യക്ഷരായി, അവൻ യെരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംസാരിച്ചു. (ലൂക്കൊ. 9:28-31) ഗത്ശെമനത്തോട്ടത്തിൽ യേശു പ്രാണവ്യഥയിലായി പ്രാർത്ഥിക്കുമ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷമായി (ലൂക്ക്. 22:43) കർത്താവിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് ഇത്ര വലിയ സ്ഥാനം ഉണ്ടായിരുന്നെങ്കിൽ ബലഹീനരായ നമ്മുടെ ജീവിതത്തിൽ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും എന്തു മാത്രം സ്ഥാനം ഉണ്ടായിരിക്കണം. നമ്മിൽ പലരുടെയും ആത്മീയ ജീവിതം ഇന്ന് ശുഷ്കമായും നിർജീവമായും തീർന്നിരിക്കുന്നതിന്റെ കാരണം 'യഹോവയെ കാത്തിരിക്കുന്നതിലുള്ള നമ്മുടെ ഉപേക്ഷയാണെന്നുള്ളതിന് സംശയമില്ല.

തിരക്കിട്ട ജീവിതത്തിൽ പള്ളിയിൽ പോകാനും പ്രാർത്ഥിക്കാനും പലരും സമയം കണ്ടെത്താറില്ല. നമുക്കെത്രയും അധികം ചുമതലകളും ജോലികളുമുണ്ടോ അത്രയും അധികം അവ ശരിയായി നിർവഹിക്കുന്നതിന് ദൈവ കൃപയും ആവശ്യമാണ്. നമുക്ക് എത്രയും അധികം ദൈവ കൃപയും ആത്മീയ ശക്തിയും ആവശ്യമുണ്ടോ അത്രയും അധികം 'യഹോവയെ കാത്തിരിക്കുന്നതിൽ നാം ജാഗ്രതയുള്ളവരായിരിക്കണം.'

'യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

✱

ദ്ധമരായും, തന്നിഷ്ട പ്രകാരവും ചെയ്ത പുരോഹിതന്മാരായ നാദാബിനും, അബീഹൂവിനും സംഭവിച്ച ദുരന്തം നമുക്ക് അറിയാവുന്നതാണല്ലോ (ലേവ്യ. 10:1-3) ഈ സംഭവത്തിനു ശേഷം കൃപാസനത്തിന് മുമ്പാകെ അഹരോൻ പ്രവേശിക്കേണ്ടത് എങ്ങിനെ എന്ന് വിശദമായി പ്രതിപാദിക്കുന്നു.

യിസ്രായേൽ ജനത്തിന്റെ പാപ പരിഹാരത്തിനായി അവരുടെ പക്കൽ നിന്നും രണ്ട് കോലാട്ടുകൊററനെയും ഹോമയാഗത്തിന് ഒരു കോലാടിനെയും വാങ്ങിക്കേണം എന്ന് യഹോവ കല്പിക്കുന്നു. (ലേവ്യ. 16:1-5) അതിനു ശേഷം അഹരോൻ തനിക്കു വേണ്ടി പാപപരിഹാര ബലിയായി ഒരു കാളയെ അർപ്പിക്കേണം.

പിന്നീട് രണ്ട് കോലാടുകളെയും, യഹോവയുടെ സന്നിധിയിൽ നിർത്തേണം. അഹരോൻ യഹോവയ്ക്ക് ഒരുചീട്ടും, അസസേലിന് മറെറാരു ചീട്ടും. ഇങ്ങനെ രണ്ട് കോലാട്ടുകൊററനും ചീട്ടിടേണം. (ലേവ്യ. 16:7-8)

അസസേൽ എന്ന പദം പല തർജിമകളിലും കാണുന്നില്ല (King James version, The Living Bible DOUAY & RHEIMS bIBLE, Thomson's Chan Reference Bible etc). ഇതിൽ 'Scape goat' എന്നാണ് ചേർത്തിരിക്കുന്നത്. യഹോവയ്ക്ക് ചീട്ടു വീണ കോലാട്ടുകൊററനെ അഹരോൻ കൊണ്ടുവന്ന് പാപയാഗമായി അർപ്പിക്കേണം. (16:8-9) 'അസസേലിന് ചീട്ടു വീണ കോലാടിനെയോ, അതിനാൽ പ്രായശ്ചിത്തം കഴിക്കേണ്ടതിനായി, യഹോവയുടെ സന്നിധിയിൽ ജീവനോടെ നിർത്തേണം.' (16:10) മരുഭൂമിയിൽ വിട്ടയക്കുന്ന കോലാട്ടുകൊററനെ ഇങ്ങനെ യഹോവയുടെ അറിവോടും, അനുവാദത്തോടും കൂടിയാണ് വിട്ടയക്കുന്നത്.

വിടുതൽ ചെയ്യപ്പെടേണ്ട കോലാട്ടുകൊററന്റെ തലയിൽ അഹരോൻ രണ്ട് കൈകളും വച്ച് യിസ്രായേൽ മക്കളുടെ സകല പാപങ്ങളും ഏററുപറഞ്ഞ് കോലാട്ടുകൊററന്റെ തലയിൽ ചുമത്തി നിയമിക്കപ്പെട്ട ഒരാളുടെ കൈവശം മരുഭൂമിയിൽ വിടേണം. (ലേവ്യ 16:20-22) ലോകത്തിന്റെ പാപത്തെ വഹിച്ച് ഗോൽഗോഥായിലേക്ക് പോകുന്ന ക്രിസ്തുവിന്റെ പ്രതീകമാണ് ഈ കോലാട്ടുകൊററൻ. സത്യത്തിനു സാക്ഷിയായ സ്നാപക യോഹന്നാൻ യേശു ക്രിസ്തുവിനെ അങ്ങിനെയാണ് വിശേഷിപ്പിക്കുന്നത്. മരുഭൂമിയിൽ അയയ്ക്കപ്പെടുന്ന കോലാട്ടു കൊററനോടുകൂടി പാപം താത്കാലികമായ മററപ്പെടുന്നു എന്നല്ലാതെ പാപം ഇല്ലാതാകുകയോ, ശാശ്വതമായി പരിഹരിക്കപ്പെടുന്നില്ല. അതിനാലാണ് യേശുക്രിസ്തു ആദം മുതൽ സകല മനുഷ്യരുടെയും പാപങ്ങൾ സ്വയം ഏറെറടുത്ത് കാൽവറിയിൽ ക്രൂശിതനായത്. (As seape goat)

വിടുതൽ ചെയ്യപ്പെട്ടതും, പാപ ഭാരം ചുമത്തപ്പെട്ടതുമായ കോലാട്ടുകൊററനെ ഭൂതങ്ങൾക്ക് ബലിയായിട്ടാണ് വിട്ടയക്കുന്നത് എന്ന് ചിലർ വിശ്വസിക്കുന്നുണ്ടായിരിക്കാം. എന്നാൽ അത് നമുക്ക് സ്വീകാര്യമല്ല. കാരണം അത് ഒന്നും, രണ്ടും കല്പനകളുടെ ലംഘനമാണ്. തന്നെയുമല്ല മേൽ വിവരിച്ച ക്രിയാ കർമ്മങ്ങൾ എല്ലാം യഹോവയുടെ കല്പന പ്രകാരമാണ് എന്ന് ആദ്യം തന്നെ പറയുന്നുണ്ട്. (ലേവ്യ. 16:1-2) ഭൂതങ്ങൾക്ക് ബലി നൽകാൻ യഹോവയായ ദൈവമോ നിയമദാതാവായ മോശയോ യിസ്രായേൽ ജനത്തോട് പറയുമെന്ന് വിശ്വസിക്കുക സാദ്ധ്യമല്ല.

അസസേൽ എന്നതിന് താത്കാലികവിടുതൽ എന്നു മാത്രമേ അർത്ഥമുള്ളൂ എന്ന് മനസിലാക്കാം.

★



## അസൂയ

**കുര്യൻ. ചെറുകാലേത്ത്**

അപരനു യോഗ്യതയിന്നുണ്ടോ?
തന്നോടൊപ്പം വരുവാനായ്
അതോർത്തു മനസു തകരുന്നതും
മർത്യന്റെയസൂയ മൂലമല്ലേ.

നമ്മുടെ ഭൂമിയിലാദ്യം തന്നെ
കായീൻ തന്നുടെ സോദരനെ
ദൈന്യതയില്ലാതസൂയയാൽ
കൊന്നു മറച്ചിട്ടോടിയില്ലേ.

ക്ഷമയാൽ നിന്നയാം വീണ്ടും വീണ്ടും
ക്ഷമിക്കുവാൻ തന്നെ മുതിർന്നില്ലേ
തുടർന്നുള്ളടിയും ക്ഷമിച്ചിട്ടും
സോദരനസൂയ കൂടിയല്ലോ.

അസൂയയ്ക്കീ ലോകത്തിൽ
ഔഷധമില്ലെന്നോർക്കുമ്പോൾ
മനുജർക്കാകവെ രക്ഷയെ നൽകിയ
യേശുവെ തന്നിന്നോർത്തീടാം.

രാജാധിരാജൻ തന്നുടെ
വാത്സല്യമേറും സുതരല്ലേ,
മാനസമതിനൊരു ശുദ്ധിവന്നാൽ
അസൂയ തന്നിലേയ്ക്കിനിയുമില്ല.

വെളുപ്പാൻ കാലത്തിരുട്ടും നീങ്ങാൻ
സൂര്യ പ്രഭയാണാവശ്യം
നമ്മുടെയുള്ളിലെയിരുട്ടും നീങ്ങാൻ
നീതിയിൻ സൂര്യനെ നോക്കീടാം.

# മിര്യം

## പി. എം. ചാക്കോ കിടങ്ങന്നൂർ

വിശുദ്ധ വേദപുസ്തകത്തിൽ കൂടി നാം കടന്നു പോകുമ്പോൾ നിരവധി സ്ത്രീകളുടെ വിവരം നമുക്കു കാണുവാൻ കഴിയും. ആദ്യമാതാവായ ഹൗവ്വാ. പിതാവിന്റെ മടിയിൽ ഇരുന്നവനെ തന്റെ മടിയിൽ ഇരുത്തി ഓമനിച്ച വി. കന്യക മറിയാം, ഏശാവിന്റെ അനുഗ്രഹം യാക്കോബിലേക്കു തിരിച്ചുവിട്ട റിബേക്കാ, യിസ്രായേലിനു ന്യായ പാലനം നടത്തിയ ദബോറാ, ആഹാബ് രാജാവിനെ കൊണ്ട് സകല ദുഷ്കൃത്യങ്ങളും പ്രവർത്തിപ്പിച്ച ഇസബേൽ, സിംഹാസനം ശലോമോനു നൽകാൻ അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിച്ച ബേത്ത്ശേബാ അങ്ങനെ ആ പട്ടിക നീണ്ടു പോകുന്നു. പേരു പറഞ്ഞിട്ടില്ലാത്ത പല സ്ത്രീകളേയും നമുക്ക് ബൈബിളിൽ കാണാൻ കഴിയും. യൗസേഫിനെതിരായി കള്ളമൊഴി കൊടുത്ത ഫൊത്തിഫേറിന്റെ ഭാര്യ, ദൈവദൂതന്മാർ സോദോമിൽ നിന്നും പിടിച്ചിറക്കിവിട്ടിട്ടും തിരിഞ്ഞു നോക്കി ഉപ്പു തൂണായിതീർന്ന ലോത്തിന്റെ ഭാര്യ. ന്യായ വിസ്താര സമയത്ത് യേശുവിനുവേണ്ടി ന്യായാധിപനായ പീലാത്തിയോസിന്റെ അടുത്ത് സമ്മർദ്ദം ചെലുത്തിയ പീലാത്തിയോസിന്റെ ഭാര്യ അങ്ങനെ നിരവധി പേരുടെ വിവരങ്ങളും ഇതിൽ കാണാൻ കഴിയും.

വി. വേദപുസ്തകത്തിന് ഒരു പ്രത്യേകതയുണ്ട്. അതിലെ എഴുത്തുകാർ പരിശുദ്ധാത്മ പ്രേരിതരായി എഴുതിയിട്ടുള്ളതിനാൽ ഇത് മററു ഗ്രന്ഥങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. ഇതിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികളുടെ നന്മയും തിന്മയും ഉയർച്ചയും വീഴ്ചയും വിജയവും പരാജയവും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആധുനി എഴുത്തുകാർക്ക് കഴിയാൻ പാടില്ലാത്ത ഒരു വസ്തുതയാണിത്. ഇതിന്റെ എഴുത്തുകാരിൽ കൂടി പ്രവർത്തിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാണിതിനു കാരണം.

വിശുദ്ധ വേദപുസ്തകത്തിന്റെ എബ്രായ തിരുവെഴുത്തുകളിൽ കൂടി കടന്നു പോകുമ്പോൾ അവിടെ തെളിഞ്ഞു വിളങ്ങിക്കാണുന്ന ഒരു മഹിളാ മണിയാണ് മിരിയാം. ഇസ്രായേലിന്റെ മഹാപുരോഹിതനായ അഹരോന്റെയും യിസ്രായേലിനെ മിസ്രയിമിൽ നിന്നും വിടുവിച്ച മഹാനായ നേതാവ് മോശയുടെയും സഹോദരിയായിരുന്നു ഇവൾ. മിര്യം എന്ന വാക്കിന്റെ അർത്ഥം ‘കയിപ്പ്’ എന്നാണ്. ഇവളുടെ ജനന കാലം യിസ്രായേലിന്റെ ചരിത്രത്തിലെ ദുരിത പൂർണ്ണമായ സമയമായിരുന്നു.

രാജകിയ രഥത്തിൽ മിസ്രയിമിൽ എത്തിച്ചേരുകയും സമ്പൽ സമൃദ്ധമായ ഗോസാനിൽ താമസിക്കുകയും ചെയ്ത ഇവരുടെ ഇപ്പോഴത്തെ അവസ്ത ദയനീയമാണ്. യൗസേഫിനെ അറിയാത്ത ഒരു ഫറവോൻ മിസ്രയിമിൽ ഭരണാധിപനായി. യിസ്രായേൽ ഇന്ന് ഊഴിയ വേലക്കാരാണ് അവർ



കേവലം അടിമകളായിതീർന്നിരിക്കുകയാണ്. തന്നെയും അല്ല അവർക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ ഉടൻ തന്നെ കൊന്നുകളയണം എന്ന ഉത്തരവും നിലവിൽ വന്നു. ഈ ദുഃഖത്തിന്റെയും ദുരിതത്തിന്റെയും കണ്ണുനീരിന്റെയും കാലത്താണ് മിര്യം ജനിച്ചത്. അതുകൊണ്ടായിരിക്കാം മാതാപിതാക്കൾ ഇവൾക്ക് കയിപ്പ് എന്നർത്ഥം വരുന്ന മിര്യം എന്ന പേരു നൽകിയത്.

ഇവളുടെ ജീവിതം നാം പരിശോധിച്ചു നോക്കുമ്പോൾ ഇവളിൽ ചില പ്രത്യേക ഗുണ വിശേഷണങ്ങൾ കാണാൻ കഴിയും അതു പോലെ ബലഹീനതകളും. ഇവളിൽ കാണുന്ന ഗുണങ്ങളും ദോഷങ്ങളും നാം മനസിലാക്കുകയും ഈ ഗുണങ്ങൾ നാം അനുകരിക്കുകയും പരാജയങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കാതെ നോക്കുകയും ചെയ്യണം. ധന്യമായ ക്രിസ്തീയ ജീവിത വിജയത്തിന് ഇതത്യാവശ്യമാണ്.

അവൾ തികഞ്ഞ ദൈവ വിശ്വാസിയായിരുന്നു. എല്ലാ പ്രശ്നങ്ങളും ദൈവത്തിൽ സമർപ്പിക്കുകയും ദൈവം സകലത്തിനും മതിയായവനാണെന്ന് ഉറപ്പുള്ളവളും ആയിരുന്നു. തന്റെ ഇളയ സഹോദരനെ അന്നു നിലവിൽ ഇരുന്ന നിയമത്തിൽ നിന്നും രക്ഷിപ്പാൻ ഇവൾ ആവതു പ്രവർത്തിക്കുന്നു. മൂന്നു മാസം കൂടി കുഞ്ഞിനെ വീട്ടിൽ ഒളിപ്പിച്ചു വച്ചു. തുടർന്നു ഞാങ്ങണ കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കി കീലും പശയും തേച്ച് കോമളരൂപനായ അവനെ അതിൽ കിടത്തി. ഫറവോന്റെ മകൾ കുളിക്കാൻ ദാസിമാരുമായിവരുന്ന സമയം നോക്കി കുളികടവിനു സമീപം നയിൻ നദിയുടെ തീരത്തുള്ള ഞാങ്ങണക്കാട്ടിൽ വെള്ളത്തിൽ പെട്ടകം വച്ചു. ചീങ്കണ്ണി തിമിംഗലം മുതലായ ഹിംസ്ര ജന്തുക്കൾ കൂട്ടമായി പാർക്കുന്ന ആ നദിയിൽ സകലത്തിലും ദൈവത്തിൽ ഭരമേല്പിച്ചവൾ പെട്ടകം നിക്ഷേപിച്ചു. ആശുപത്രിയിലെ ഇൻറൻസീവ് കെയ്യർ യൂണിററിന്റെ ഉള്ളിൽ അബോധാവസ്തയിൽ കിടക്കുന്ന പ്രീയപ്പെട്ടവന്റെ വിവരം പ്രതീക്ഷിച്ച് വെളിയിൽ ഇരിക്കുന്ന ഏററവും അടുത്ത ബന്ധുവിനെ പോലെ ദൈവമെ, ദൈവമെ എന്നു മാത്രം വിളിച്ചുകൊണ്ട് അവൾ ആ ഞാങ്ങണക്കാട്ടിൽ ഒളിച്ചിരുന്നു. പെട്ടകത്തിന്റെ ഗതി ശ്രദ്ധിച്ചുകൊണ്ടിരുന്ന ഹിംസ്ര ജന്തുക്കൾ ഇതു വെട്ടിവിഴുങ്ങുകയോ, ലോകത്തിലെ ഏററവും അധികം വെള്ളം ഒഴുകുന്ന നൈൽ നദിയുടെ ഒഴുക്കിൽ അകപ്പെട്ട് അതിവേഗം താഴെക്ക് ഒഴുകിപോകുകയോ, ഫറവോന്റെ മകളുടെ ശ്രദ്ധയിൽ പെടാതിരിക്കുകയോ? ശ്രദ്ധയിൽ പെട്ടാൽ തന്നെ ആമാന്തിക്കുകയോ ചെയ്യാൻ സാദ്യതയുള്ള ഈ സമയം. തന്റെ കുഞ്ഞാങ്ങളയുടെ ജീവൻ തലമുടി നാരിൽ തൂങ്ങുന്ന ഈ സമയം ദൈവമേ ദൈവമെ എന്നുള്ള ഏക ആശ്രയത്തിൽ അവൾ ശ്വാസം അടക്കിയിരുന്നു. ദൈവം അവളുടെ നിലവിളി കേട്ടു, കണ്ണുനീർ കണ്ടു. ഫറവോന്റെ പുത്രി പെട്ടകം കാണുകയും അത് എടുക്കുകയും ചെയ്തു.

നമ്മുടെ ജീവിതത്തിലും ഇതുപോലെ പല സന്ദർഭങ്ങളും ഉണ്ടായിട്ടില്ലെ. രോഗത്തിൽ നിന്ന് സാമ്പത്തിക തകരാറുകളിൽ നിന്ന് കുടുംബകലഹങ്ങളിൽ നിന്ന് നാം സഹായം പ്രതീക്ഷിച്ചവർ നമ്മെ കൈവെടിഞ്ഞപ്പോൾ ഒക്കെ നമ്മുടെ നിലവിളി കേൾക്കുകയും കണ്ണുനീർ മാനിക്കുകയും ചെയ്ത ദൈവത്തെ നമുക്കു സ്തുതിക്കാം. നമ്മുടെ കാലിനെ വീഴ്ചയിൽ നിന്നും കണ്ണിനെ കണ്ണുനീരിൽ നിന്നും പ്രാണനെ മരണത്തിൽ നിന്നും വിടുവിച്ച ഈ ദൈവം എത്ര നല്ലവൻ.

മിരിയാം കുശാഗ്ര ബുദ്ധിയായിരുന്നു. ഫറവോന്റെ മകൾ പെട്ടി തുറന്ന് കുഞ്ഞിന്റെ പുഞ്ചിരിക്കുന്ന മുഖം കണ്ട് സംതൃപ്തയായി. ഈ അവസരത്തിൽ ഒന്നും അറിയാത്തവളെ പോലെ മിരിയാം അവിടെ ഓടിഎത്തി. ഇപ്പോൾ അവൾ പതറിയെങ്കിൽ അവളുടെ എല്ലാ പദ്ധതികളും പൊളിഞ്ഞു പോയേനേം. അവൾ പറയുകയാണ് 'ഇതിനെ വളർത്താൻ ഒരു എബ്രായ സ്ത്രീയെ കൊണ്ടുവരുകയോ'. തന്റെ സഹോദരൻ ഒരു എബ്രായ സ്ത്രീയാൽ വളർത്തപ്പെടണം എന്ന വൾക്ക് ആഗ്രഹം ഉണ്ടായിരുന്നു. അങ്ങനെ അവൾ തന്റെ മാതാവിനെ തന്നെ വിളിച്ചുകൊണ്ടുവന്നു. അങ്ങനെ തന്റെ സഹോദരനെ വീട്ടിൽ തന്നെ കൊണ്ടുവരുന്നതിനും വാത്സല്യപൂർവ്വം അവനെ ധൈര്യമായി വളർത്തുന്നതിനും ദൈവം ഇടനൽകി. നമ്മുടെ ക്രിസ്തീയ ജീവിതം വിജയകരമായി തീരുന്നതിന് നാം ബുദ്ധിപൂർവ്വം പ്രവർത്തിക്കണം. നാം നമ്മുടെ നാവിനെ അടക്കി സൂക്ഷിക്കേണ്ടിയിരിക്കുന്നു. മിരിയാം തന്റെ ഓരോ വാക്കുകളും ശ്രദ്ധയോടുകൂടി പ്രയോഗിച്ചു. ഇതും നമുക്ക് ഒരു മാതൃകയായിരിക്കണം.

അവൾ ജനത്തിനു നായികയായിരുന്നു. (മീഖാ 6:4) യിസ്രായേലിനെ മിസ്രയിമിൽ നിന്നും വിടുവിക്കുന്നതിന് തന്റെ സഹോദരന്മാരോടൊപ്പം അവളും പ്രവർത്തിച്ചു. മോശയും അഹരോനും ഫറോവോനെ കണ്ട് ജനത്തെ വിടുവിക്കുവാൻ ആവശ്യപ്പെടുമ്പോൾ ഇവൾ എബ്രായ ഭവനങ്ങളിൽ കയറി ഇറങ്ങി സ്ത്രീകളെ പുറപ്പാടിനു പ്രേരിപ്പിക്കുകയും പ്രചോദനം നൽകുകയും ദൈവശക്തിയെ അവരിൽ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ സ്ത്രീകളുടെ ഇടയിൽ ഉള്ള പ്രവർത്തനം ശക്തിപ്പെടുകയും തൻ നിമിത്തം പുരുഷൻമാർ ശക്തി പ്രാപിക്കുകയും ചെയ്തു. ഇന്നും നമ്മുടെ സഭയുടെ ഉയർച്ച നമ്മുടെ സ്ത്രീകളുടെ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ ഇടയിൽ നുഴഞ്ഞു കയറുന്ന അബദ്ധോപദേശങ്ങളെ എതിർക്കുവാനും സത്യ വിശ്വാസം സംരക്ഷിക്കുവാനും അങ്ങനെ വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ട സത്യവിശ്വാസം കാത്തു രക്ഷിക്കുവാൻ ബുദ്ധി ശക്തിയും ദൈവ വിശ്വാസവും ഉള്ള മഹിളാമണികൾ നേതൃനിരയിലേക്കു വരേണ്ടിയിരിക്കുന്നു.

മിരിയാം ഒരു പ്രവാചകിയും ഗായകിയും ആയിരുന്നു. ലോകത്തിലെ ആദ്യത്തെ കവയത്രിയും



മിരിയാംമായിരുന്നു. അതിശയകരമായ രീതിയിൽ ചെങ്കടൽ കടക്കുകയും പിമ്പേ വന്ന ഫറോവോന്റെ വലിയ സൈന്യത്തെ ചെങ്കടലിൽ താഴ്ത്തുകയും ചെയ്തു കണ്ട മിരിയാം കൈയ്യിൽ തപ്പെടുത്തു 'യഹോവയ്ക്കു പാടുവിൻ അവൻ മഹോന്നതൻ കുതിരയേയും അതിൽ ഇരുന്നവനേയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു എന്നു പാടുകയും സ്ത്രീകൾ ആ ഗാനം ഏറ്റുപാടുകയും ചെയ്തു ദൈവിക അരുളപ്പാടു ജനത്തോട് അറിയിക്കുകയും ജനത്തിന്റെ കുറവുകളെ അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക എന്ന പ്രവാചക ദൗത്യം അവൾ നിവർത്തിക്കുകയും ചെയ്തു. ഇന്നും ഇങ്ങനെയുള്ള സ്ത്രീകളെ സമൂഹത്തിൽ ആവശ്യമത്രെ.

തികഞ്ഞ ദൈവ വിശ്വാസിയും ബുദ്ധിമതിയും നേതൃത്വം വഹിച്ചവളും പ്രവാചകിയുമായിരുന്ന മിരിയാം ഒരു ദുർബല നിമിഷത്തിൽ വീണുപോയി. മോശയ്ക്കു തുണയായിനിന്ന മിര്യാം ഇപ്പോൾ അവന്റെ ശത്രുവായി തീർന്നു. അവൾ ചോദിക്കുകയാണ് 'യഹോവ മോശ മുഖാന്തിരം മാത്രമൊ അരുളിച്ചെയ്തിട്ടുള്ളുവോ' എന്ന്. ഇത് മിര്യായിൽ ഉടലെടുത്ത അസൂയയുടെയും അഹങ്കാരത്തിന്റെയും ഫലമാണ്. ഇന്നും നമ്മുടെ ഇടയിൽ പ്രത്യേകിച്ചും ആത്മീയ പ്രവർത്തകരുടെയിടയിൽ കാണുന്ന ഒരു വലിയ ദോഷമാണിത്. യാത്രമദ്ധ്യേയാണ് മോശയുടെ ഭാര്യ വന്നു ചേർന്നത്. ഭാര്യ വന്നു ചേർന്നതോടുകൂടി മോശയിൽ തനിക്കുണ്ടായിരുന്ന സ്വാധീനം നഷ്ടപ്പെടും എന്നവൾ ന്യായമായി സംശയിച്ചിരിക്കാം. അങ്ങനെ അവളിൽ അസൂയയും അഹങ്കാരവും തലപൊക്കി. അവൾ യഹോവയുടെ അഭിഷിക്തനെതിരായി ജനങ്ങളെ ഇളക്കുവാൻ ശ്രമിച്ചു. സംഖ്യ. 12:1-16. എന്നാൽ മോശയിൽ ഇത് യാതൊരു പ്രതികരണവും ഉണ്ടാക്കിയില്ല. മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിവ സൗമ്യനായിരുന്നു. സംഖ്യ. 12:3 പക്ഷെ യഹോവയുടെ കോപം അവളുടെ നേരേ ജ്വലിച്ചു. അവൾ കുഷ്ഠരോഗിയായി തീർന്നു. ഇതു നമുക്ക് ഒരു പാഠമായിരിക്കണം. യഹോവയുടെ അഭിഷിക്തനെ ദുഷിക്കുന്നവർ ഇത് ഓർത്തിരിക്കുന്നത് നന്ന്. മോശയുടെ പ്രാർത്ഥനയുടെ ഫലമായി അവൾക്ക് സൗഖ്യം വന്നു എങ്കിലും അവളുടെ തുടർന്നുള്ള ജീവിതം ദുഃഖകരമായിരുന്നു.

അവസാനമായി നാം ഇവളെ കാണുന്നത് സംഖ്യാ 20-ാം അദ്ധ്യായത്തിൽ ആണ്. താൻ പ്രതീക്ഷിച്ച കനാനിൽ എത്തി ചേരാൻ കഴിയാതെ കാദേശിൽ വച്ചു തന്നെ മരിച്ചു. അവിടെ അടക്കി എന്നാണ്. മോശയുടെയും അഹരോന്റെയും മരണം പോലെ ഇത് ജനഹൃദയങ്ങളിൽ പതിഞ്ഞില്ല. 'നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാക്കുവാൻ നമുക്ക് ശ്രമിക്കാം.' ഓടിയത് വെറുതെ ആകാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. മിര്യം നമുക്കു ഒരു പാഠം ആയിരിക്കട്ടെ.

# ബൈബിൾ ക്വിസ്

## ചോദ്യം

1 'താനിടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തിരി പക്ഷി പോലെ ആകുന്നു' ആര്?

2 യിരമ്യാ പ്രവാചകനെ അടിച്ച പുരോഹിതൻ ?

3 നീ ഈയാണ്ടിൽ മരിക്കും നീ യഹോവയ്ക്കു വിരോധമായ മത്സരം സംസാരിച്ചിരിക്കുന്നു. ഇത് യിരമ്യാ പ്രവാചകൻ ആരോടു പറഞ്ഞതാണ് ?

4 തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ട് ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങിയ രാജകുമാരൻ?

5 പ്രവാചകനും ന്യായാധിപനും ആയിരുന്ന ശമുവേലിന്റെ മക്കളുടെ പേരുകൾ.

6 എദോമ്യനായ ദോവേഗ് യഹോവായുടെ എത്ര പുരോഹിതന്മാരെയാണ് വെട്ടിക്കൊന്നത്.

7 ശലോമോനെ രാജാവായി അഭിഷേകം ചെയ്ത പുരോഹിതൻ ?

8 യഹോവായുടെ കൂടാരത്തിൽ യാഗപീഠത്തിന്റെ അടുത്തു വച്ച് കൊല്ലപ്പെട്ട സേനാനായകൻ?

9 ദാവീദിന്റെ സിംഹാസനത്തിൽ വാണ വനിത?

10 7-ാം വയസിൽ യഹൂദയിൽ രാജാവായ ആൾ ?

## ഉത്തരം

1 ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവർ യിരമ്യ. 17:11

2 പശ്ഹൂർ യിരമ്യാ. 20:2

3 ഹനന്യാ പ്രവാചകനോട് യിരമ്യ. 28:16-17

4 അബ്ശാലോം 2 ശമു. 18

5 യോവേൽ (2) അബിയാവ് 1 ശമൂ. 8:2

6 85 പേരെ 1 ശമൂ. 22:18

7 സാദോക് 1 രാജ. 1:39

8 യോബാവ് 1 രാജ. 2:31

9 അഥല്യാ 2 ദിനവൃത്താന്തം 22:13

10 യോവാശ് 2 ദിനവൃത്താന്തം 24:1

★



## നുറുങ്ങു കഥ

ആലാ

### പൊട്ടൻ

ടെലിഗ്രാം ഒപ്പിട്ടു വാങ്ങുമ്പോൾ അയാളുടെ കൈവിറയ്ക്കുന്നുണ്ടായിരുന്നു. ജീവിതത്തിന്റെ ദുരിത നാളുകളൊന്നിൽ ദൂരെ പട്ടണത്തിൽ ജോലി തേടിയെത്തിയ അയാൾക്കു ഭാഗ്യം കൊണ്ട് ഒത്തു കിട്ടിയ ജോലി അതിലയാൾ ആശ്വാസം തേടി. മാസാമാസം ചെറിയ തുക നാട്ടിലേക്കയച്ചു.

'എന്താടോ ടെലിഗ്രാം........!' സുഹൃത്ത് വാസു. 'വായിച്ചു നോക്ക്........!' അയാൾ ആംഗ്യം കാട്ടി.

'ഈ പൊട്ടന് അക്ഷരമറിയില്ലല്ലോ........' വാസു ടെലിഗ്രാം തിരിച്ചും മറിച്ചും നോക്കിക്കൊണ്ടു പറഞ്ഞു. വാസുവിനും ഒന്നും മനസിലായില്ല. കൂട്ടുകാരുടെ അടുത്തേക്ക് അവർ ചെന്നു.

'ഇതൊന്നു വായിച്ചേ തങ്കാ........!'. —വാസു. പൊട്ടൻ തലയും ചൊറിഞ്ഞു നിന്നു. തങ്കൻ ടെലിഗ്രാം വായിച്ചു.

'മദർ........! അപ്പോഴേക്കും പൊട്ടൻ താഴെ വീണു.

പൊട്ടനു മോഹാലസ്യം.

കുറേക്കഴിഞ്ഞ് ബോധം വീണപ്പോൾ തങ്കൻ പൊട്ടനോട്— 'മദർ........ അതായത് നിന്റെ അമ്മ ഇരുപത്തിയഞ്ചാം തീയതി ബോംബയ്ക്കു വരുന്നു........!

പൊട്ടൻ ചിരിക്കുന്നു.

കൂട്ടുകാർ ആർത്തു ചിരിക്കുന്നു.

★

---

(6-ാം പേജിൽ നിന്നും തുടർച്ച)

യ്യുന്നത് എല്ലാ മതങ്ങളും സ്നേഹത്തെ പഠിപ്പിക്കുന്നു. പക്ഷെ സ്നേഹം എന്താണെന്ന് അറിയാത്ത മനുഷ്യൻ പരസ്പരം തല്ലി മരിക്കുന്നു. അല്പം സ്നേഹത്തിനുവേണ്ടി മനുഷ്യൻ നെട്ടോട്ടം ഓടുകയാണ്. സ്നേഹം എന്തെന്നു എവിടെ കിട്ടുമെന്നും മനുഷ്യൻ അറിയുന്നില്ല.

ഇനിയുള്ള കാലമത്രെയും മതങ്ങളെ ദുരുപയോഗപ്പെടുത്താതെ അതിന്റേതായ ആ മഹത്തരമായ രീതിയിൽ കാണുവാൻ ഏവർക്കും കഴിയട്ടെ എന്നു പ്രാർത്ഥിക്കാം.

[1993 M. G. O. C. S. M. കലാമേളയിൽ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയത്.]

# ഭദ്രാസന വാർത്തകൾ

## പാരീഷ് മിഷൻ

കല്ലുങ്കൽ: ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ കല്ലുങ്കൽ സെൻറ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് പാരീഷ് മിഷൻെറ വിവിധ പരിപാടികൾ നടന്നു.

ബൈബിൾ ക്ലാസുകൾ, പ്രസംഗങ്ങൾ, സംഗീത പരിശീലനം, ഭവന സന്ദർശനം മുതലായവയാണ് പരിപാടികൾ.

റവ. ഡോ. കെ. ജെ. ഗബ്രിയേൽ, റവ. ഫാ. റ്റി. റ്റി. തോമസ്, റവ. ഡീ. വർഗീസ് ജോൺ, റവ. ഡീ. ഫിലിപ്പ് പി. സാം, റവ.ഡീ. ഷാജി, പി. ജോൺ, ബിനോജി മാത്യൂസ്, ജിജി സാമുവേൽ എന്നിവർ നേതൃത്വം നൽകി.

## ഓർത്തഡോക്സ് യുവജന പ്രസ്ഥാനം ഭദ്രാസന കലാമത്സര വിജയികൾ

| | | |
|---|---|---|
| സംഗീതം | 1. | കെ. ഒ. തോമസ് സെൻറ് ജോർജ് പിരളശേരി |
| | 2. | ജിജി കെ. തോമസ് സെൻറ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ |
| പ്രസംഗം | 1. | സന്തോഷ് V. S. സെൻറ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ |
| | 2. | ജോൺ മാത്യു സെൻറ് മേരീസ് പേരിശേരി |
| സമൂഹഗാനം | 1. | കെ. ഒ. തോമസ് & പാർട്ടി സെൻറ് ജോർജ് പിരളശേരി |
| | 2. | ജിജി കെ. തോമസ് & പാർട്ടി സെൻറ് ഇഗ്നേഷ്യസ് |
| ഉപന്യാസം | 1. | സന്തോഷ് V. S. സെൻറ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ |
| | 2. | ജോൺ മാത്യു സെൻറ് മേരീസ് പേരിശേരി |
| സോപകരണ സംഗീതം | | |
| | 1. | ബിജു പി. വി. & പാർട്ടി സെൻറ് ഇഗ്നേഷ്യസ് |
| | 2. | K. O. തോമസ് & പാർട്ടി സെൻറ് ജോർജ് പിരളശേരി |
| കവിത | 1. | ജോൺ മാത്യു സെൻറ് മേരീസ് പേരിശേരി |
| | 2. | സിബി എബ്രഹാം സെൻറ് മേരീസ് ഇടവങ്കാട് |
| ചെറുകഥ | 1. | ജോൺ മാത്യു സെൻറ് മേരീസ് പേരിശേരി |
| | 2. | ജോൺ വറുഗീസ് സെൻറ് മേരീസ് ഇടവങ്കാട് |

14-5-1994 ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ നടക്കുന്ന കേന്ദ്രതല മത്സരങ്ങളിൽ ഇവർ വന്നു സംബന്ധിക്കണമെന്ന് ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ അറിയിക്കുന്നു.



# മാതൃകാ സണ്ടേസ്കൂൾ

സി. ഇ. കുരുവിള. വാഴൂർ

1 ഇടവകയിലെ 5 വയസു മുതൽ 15 വയസുവരെയുള്ള മുഴുവൻ കുട്ടികളും സണ്ടേസ്കൂളിൽ ഉണ്ടായിരിക്കണം.

2 ഒരു ക്ലാസിൽ 5 ൽ കുറയാതെയും 20 ൽ കൂടാതെയും കുട്ടികൾ ഉണ്ടായിരിക്കണം.

3 ഹെഡ്മാസ്റ്റർ ഉൾപ്പെടെ 12 അദ്ധ്യാപകരെങ്കിലും ഒരു സണ്ടേസ്കൂളിൽ ഉണ്ടായിരിക്കണം.

4 അഭ്യസ്തവിദ്യരും ദൈവഭയമുള്ളവരും സൽസ്വഭാവികളും നല്ല സാക്ഷ്യമുള്ളവരും S. S. L. C. യെങ്കിലും പാസായവരുമായിരിക്കണം അദ്ധ്യാപകർ.

5 അദ്ധ്യാപകരുടെ എല്ലാ യോഗ്യതകൾക്കും പുറമെ T. T. C. യോ B.Ed ഓ പാസായവരുമായിരിക്കണം ഹെഡ്മാസ്റ്റർ.

6 സണ്ടേസ്കൂളിന് 10 ക്ലാസുകളും ഓഫീസ് മുറിയും ഉണ്ടായിരിക്കണം.

7 ബഞ്ച്, മേശ, കസേര, ബോർഡ് മുതലായ ഉപകരണങ്ങൾ വേണ്ടത്ര സണ്ടേസ്കൂളിൽ ഉണ്ടായിരിക്കണം.

8 ഓഫീസ് മുറിയിൽ ഹെഡ്മാസ്റ്റർക്കും അദ്ധ്യാപകർക്കുമുള്ള ഇരിപ്പിടങ്ങൾക്ക് പുറമെ റിക്കാർഡുകളും പുസ്തകങ്ങളും സൂക്ഷിക്കുന്നതിനുള്ള അലമാര, മാപ്പ് സ്റ്റാൻറ് എന്നിവ ഉണ്ടായിരിക്കണം.

9 വേദപുസ്തകം, വേദപുസ്തക നിഘണ്ടു, റഫറൻസ് ബുക്കുകൾ, ഭൂപടങ്ങൾ ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു നല്ല ലൈബ്രറി ഉണ്ടായിരിക്കണം.

10 സണ്ടേസ്കൂൾ ഭരണഘടന (റൂൾ 67 അദ്ധ്യായം 13) അനുസരിച്ചുള്ള റിക്കാർഡുകൾ സൂക്ഷിക്കേണ്ടതാണ്.

11 ഹെഡ്മാസ്റ്റർ പ്രസിഡൻറും അദ്ധ്യാപകർ അംഗങ്ങളുമായിട്ടുള്ള ഒരു സ്റ്റാഫ് കൗൺസിലും അതിന് ഒരു സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതാണ്.

12 പള്ളി ഭരണ സമിതി ഉദാരമായി സണ്ടേസ്കൂളാവശ്യങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യേണ്ടതാണ്.

13 കേന്ദ്ര നിർദ്ദേശാനുസരണം അതതു സന്ദർഭങ്ങളിൽ പരീക്ഷകളും സഹപാഠ്യ മത്സരങ്ങളും ശുഷ്കാന്തിയോടു കൂടി നടത്തേണ്ടതാണ്.

14 ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളിൻെറ ഒരു യൂണിറ്റ് യഥാസമയം ഭംഗിയായി നടത്തേണ്ടതാണ്.

* അവലംബം: പൗരസ്ത്യ സിറിയൻ സണ്ടേസ്കൂൾ അസോസിയേഷൻ ജൂബിലി സ്മരണിക.

## ലക്ഷ്യബോധം    പഞ്ചചാമരം

### ഫാ. ററി. എം. അലക്സന്ത്രയോസ്, സീതത്തോട്

1 യിസ്രായേലിൻ പൂർവ്വതാതനബ്രഹാമിൻ ദാസിയായ്
മിസ്രയീമ്യനാരിയാളൊരുത്തി വാണിരുന്നഹോ

2 ഓടിപ്പോരക്കന്നെർത്ഥമുളവാക്കിടുവാൻ യുക്തമാം
ഹാഗറെന്ന നാമധേയധാരിയായിരുന്നവൾ

3 വന്ധ്യയായ സ്വന്തഭാര്യ സാറയിൻ കുബുദ്ധിയാൽ
അബ്രഹാമിൽ നിന്നു ഗർഭധാരണം പ്രാപിച്ചവൾ

4 പുത്രോല്പാദനത്തിൽ ഭാഗ്യം ലഭ്യമായഹന്തയാൽ
സ്വാമിനിയവൾക്കു നിന്ദ്യപാത്രമായ് ഭവിക്കയായ്

5 സ്വാമിനിയവൾക്കു നേരെ കാഠിന്യം തുടങ്ങവേ
പത്തനം വെടിഞ്ഞവൾ പലായനം ചെയ്തീടിനാൾ

6 ശൂർമരുവിലെത്തി തരു ലക്ഷ്യബോധമറിയേ
ആശ്രയവിഹീനയായലഞ്ഞിടുന്ന വേളയിൽ

7 വാനദൂതനൊരുവനെത്തി കരുണയോടെ ചോദ്യമായ്
എവിടെ നിന്നു വന്നുവോ നീ എങ്ങു പോയിടുന്നു നീ.

8 എങ്ങുപോയിടേണ്ടു എന്നറിഞ്ഞിടായ്കയാലവൻ
എങ്ങുനിന്നു വന്നു എന്നു മാത്രമോതിയുത്തരം

9 പോക വീണ്ടുമബ്രഹാമിൻ പത്തനത്തിലെത്തി നിൻ
സ്വാമിനിക്കു കീഴടങ്ങി പാർക്ക എന്നു ചൊല്ലിനാൻ

10 ചില്പുമാൻെറ കല്പനയനുസരിച്ചവൾ ക്ഷണം
പിന്തിരിഞ്ഞു വീണ്ടുമബ്രഹാം ഭവനമെത്തിനാൾ

11 ലക്ഷ്യബോധമെന്യെ മന്നിൽ മാനവനലയുവാൻ
അനുവദിപ്പതില്ലവൻെറ സൃഷ്ടിതാവൊരിക്കലും

12 ലക്ഷ്യബോധമോടെ കർമ്മ നിരതരാവോർ മാത്രമാ
ണിക്ഷിതിയിൽ ശ്രേയസോടെ ജീവിതം നയിപ്പവർ

13 വിധി വിഹിതമെന്നു ചൊല്ലി കർമ്മവിമുഖനായവൻ
നേടുകയില്ലൊന്നുമേ ഇഹത്തിലും പരത്തിലും.

14 നശ്വരം ഈ ജീവിതത്തിനപ്പുറത്തു സജ്ജമാം
ശാശ്വതമാം ജീവനത്രെ പര ലക്ഷ്യം മർത്ത്യന്

15 നിത്യസൗഭാഗ്യം നിറഞ്ഞ പരമവീടതു നേടുവാൻ
സത്യദൈവ ഭക്തിയിൽ നാം നാൾകഴിച്ചുകൊള്ളണം.

16 യുക്തമായ ഭക്തി ജീവിതം നയിച്ചുകൊള്ളുവോൻ
ഭക്തരിൻ ഗണങ്ങളിലെത്തി വിശ്രമിക്കുമക്കരെ

★





## ഏററവും നല്ല നിധി

സ്നേഹമുള്ള ബാലപത്രിക കൂട്ടുകാരെ,

നിങ്ങളിൽ പലരും ജീവിതത്തിൻെറ പ്രയാസങ്ങൾ അറിയാതെ വളർന്നു വരുന്നവരാണ്. അദ്ധ്വാനശീലം എന്തെന്നു മനസിലാക്കുവാൻ പോലും പലർക്കും കഴിയുന്നില്ല. കാരണം അദ്ധ്വാനിച്ച് നമ്മുടെ പൂർവ്വികർ ഉണ്ടാക്കിയ പണവും സൗകര്യങ്ങളും പ്രയാസമില്ലാതെ പുതിയ തലമുറ ഉപയോഗിക്കുകയാണ്.

അദ്ധ്വാനത്തിൻെറ പ്രയോജനമെന്തെന്നു വിളിച്ചറിയിക്കുന്ന ഒരു കഥ പറയാം.

ഒരിക്കൽ ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു വലിയ ഒരു മുന്തിരിത്തോട്ടത്തിൻെറ ഉടമയായ അയാൾക്ക് ഒന്നിനും കുറവുണ്ടായിരുന്നില്ല തൻെറ മക്കൾ മടിയന്മാരാണല്ലോ എന്ന ദുഃഖം മാത്രം അദ്ദേഹത്തിൻെറ മനസിനെ ഉലച്ചു.

വയസു വളരെയായി രോഗശയ്യയിൽ മരണവും കാത്തു കിടക്കുന്ന ആ മനുഷ്യൻ മക്കളെ അടുത്തു വിളിച്ചു പറഞ്ഞു.

''മക്കളെ, ഞാൻ അധിക ദിവസം ഇനി ജീവിച്ചിരിക്കില്ല. എൻെറ എല്ലാ സ്വത്തും നിങ്ങൾക്ക് എഴുതിവച്ചു കഴിഞ്ഞു. എന്നാൽ എഴുതിവയ്ക്കാൻ കഴിയാത്ത ഒരു നിധി നമ്മുടെ മുന്തിരിത്തോപ്പിൽ ഒളിഞ്ഞു കിടപ്പുണ്ടെന്നു കരുതി നിങ്ങൾ എപ്പോഴും അദ്ധ്വാനിക്കണം''. പിതാവിൻെറ വാക്കുകൾ മക്കളിൽ ദുഃഖം ഉളവാക്കി. അന്നു രാത്രിയിൽ ആദ്ദേഹം മരിക്കുകയും ചെയ്തു.

കുറെ ദിവസം കഴിഞ്ഞ് മക്കൾ കൂടിയിരുന്ന് അപ്പൻെറ വാക്കുകൾ ഓർത്ത് ചർച്ച ചെയ്തു. ''ഒരുപക്ഷേ സ്വർണ്ണത്തിൻെറയോ വെള്ളിയുടെയോ വല്ല നിധിയും അദ്ദേഹം മുന്തിരിത്തോട്ടത്തിൽ കുഴിച്ചിട്ടിരിക്കണം''. ''നമുക്ക് അവിടെ കിളച്ചു നോക്കാം''.

ഒരാൾ അഭിപ്രായപ്പെട്ടു.

മററുള്ളവരും സമ്മതിച്ചു. മൂന്നുപേരും കിള തുടങ്ങി.

മുന്തിരിയുടെ ഇട വരികളിലും തോട്ടത്തിൻെറ മുക്കിലും മൂലയിലും തുമ്പാചെന്നു. നിധിയൊന്നും കിട്ടിയില്ല. കിട്ടുമായിരിക്കാം അവർ ആശ്വസിച്ചു. മുന്തിരി വള്ളികൾ കായ്ച്ചു. മററു തോട്ടങ്ങളുടെ ഉടമകൾ അസൂയപ്പെട്ടു. മററുള്ളവർക്കുള്ളതിനെക്കാൾ മൂന്നിരട്ടി വിളവുണ്ട് അവർക്ക് മക്കൾ മൂന്നുപേരും സന്തോഷിച്ചു. അവർ ലാഭം പങ്കുവെച്ചു.

'തോട്ടത്തിൽ ഒളിഞ്ഞു കിടപ്പുണ്ടെന്ന് അപ്ഛൻ പറഞ്ഞ നിധി ഈ മികച്ച വിളവു തന്നെയാണ്''—മൂത്ത സഹോദരൻ പറഞ്ഞു.

കൂട്ടുകാരെ, മനുഷ്യൻെറ ഏററവും വലിയ നിധി കഠിനാദ്ധ്വാനം മാത്രമാണ്.

സ്നേഹത്തോടെ **ആനിച്ചേച്ചി**

★

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## മംഗലം പള്ളിപ്പെരുന്നാൾ

മംഗലം: സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ മെയ് 1 മുതൽ 4 വരെ തീയതികളിൽ കൊണ്ടാടി. സുവിശേഷ പ്രസംഗം, റാസ, വി. മൂന്നിൻമേൽ കുർബ്ബാന ധൂപപ്രാർത്ഥന, നേർച്ച വിളമ്പ് എന്നിവയായിരുന്നു പരിപാടികൾ. പെരുന്നാൾ ചടങ്ങുകൾക്ക് ഫാ. എബ്രഹാം സൈമൺ നേതൃത്വം നൽകി.

## പ്രതിമാസ ധ്യാനയോഗം

ചെങ്ങന്നൂർ ഭദ്രാസനത്തിൻെറ ആഭിമുഖ്യത്തിൽ മാസം തോറും നടത്തിവന്നിരുന്ന ഭദ്രാസന ധ്യാനയോഗം ഈ വർഷം മുതൽ രണ്ടാം ശനിയാഴ്ച നടത്തുന്നതാണ്. ഈ മാസത്തെ ധ്യാനയോഗം 1994 മെയ് മാസം 28-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ മാന്തളിർ സെൻറ് തോമസ് പള്ളിയിൽ വച്ച് നടത്തുന്നതാണ്. റവ. ഫാ. തോമസ് മാത്യു, ശ്രീ. ജേക്കബ് തോമസ് എന്നിവർ പ്രസംഗിക്കും.

## ബെഥേൽ പത്രിക
### വരിസംഖ്യാ നിരക്ക്

| | | |
|---|---|---|
| വാർഷിക വരിസംഖ്യ | ഇന്ത്യയിൽ | - 15 രൂപാ |
| | വിദേശങ്ങളിൽ | - 100 രൂപാ |
| ആയുഷ്കാല വരിസംഖ്യ | ഇന്ത്യയിൽ | - 250 രൂപാ |
| | വിദേശങ്ങളിൽ | - 1000 രൂപാ |

കൂടുതൽ വിവരങ്ങൾക്ക്

എഡിററർ
ബഥേൽ പത്രിക
ബഥേൽ അരമന
ചെങ്ങന്നൂർ – 689121

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George